02
2024
ഫെബ്രുവരി
വെള്ളി
മകരം 19

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.121 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-121 പേജ് 4. വില 2.00 രൂപ




02 തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ: മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ജില്ലകളിൽ പര്യടനം നടത്തി

03 സ്ത്രീയുടെ സമ്മതം വ്യാജവാഗ്ദാനത്തിലൂടെ നേടിയതാണെങ്കിൽ ബലാത്സംഗ കുറ്റം നിലനിൽക്കും സുപ്രീംകോടതി

04 തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ: മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ജില്ലകളിൽ പര്യടനം നടത്തി

# ബജറ്റ്: പ്രോഗ്രസ് കാർഡും പ്രകടനപത്രികയും മാത്രം

ന്യൂഡൽഹി: കേന്ദ്ര സർക്കാരിൻറെ നേട്ടങ്ങളും അടുത്ത അഞ്ച് വർഷത്തേക്കുള്ള പ്രഖ്യാപനങ്ങളും മാത്രം നടത്തി രണ്ടാം നരേന്ദ്ര മോദി സർക്കാരിൻറെ ഇടക്കാല ബജറ്റ് അവതരിപ്പിച്ച് ധനമന്ത്രി നിർമല സീതാരാമൻ. പ്രോഗ്രസ് കാർഡും പ്രകടനപത്രികയുമായിരുന്നു ബജറ്റിൻറെ ഉള്ളടക്കം.



57 മിനിറ്റ് മാത്രം നീണ്ടുനിന്ന ബജറ്റ് പ്രസംഗത്തിൽ അധികസമയവും സർക്കാരിൻറെ നേട്ടങ്ങൾ എടുത്തു പറയാനാണ് ധനമന്ത്രി ശ്രദ്ധിച്ചത്. വലിയ പ്രഖ്യാപനങ്ങൾ ഇല്ലാതെയായിരുന്നു ധനമന്ത്രിയുടെ ആറാമത്തെ ബജറ്റ് അവതരണം. 2024ലും എൻഡിഎ സർക്കാർ വലിയ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരുമെന്നും നിർമല ആത്മവിശ്വാസം പ്രകടിപ്പിച്ചു.

പലിശ നിരക്ക് ഉയർത്തിയില്ല എന്നത് മാത്രമാണ് ഇടത്തരക്കാർക്ക് ആശ്വാസമായത്. സാധാരണക്കാർക്ക് ഗുണമുള്ള ഒരു പ്രഖ്യാപനവും ബജറ്റിൽ ഉൾപ്പെടുത്തിയില്ല. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി യോജനയുടെ തുക 6000ത്തിൽ നിന്നു 9,000 ആയി വർധിപ്പിക്കുമെന്ന് അഭ്യൂഹങ്ങൾ ഉണ്ടായിരുന്നെങ്കിലും ബജറ്റിൽ ഇതുസംബന്ധിച്ച പ്രഖ്യാപനം ഉണ്ടായില്ല.

ലോക്സഭാ തെരഞ്ഞെടുപ്പ് ആസന്നമായിരിക്കേ ഇന്ധന വില കുറയ്ക്കുമെന്നും റിപ്പോർട്ടുകൾ ഉണ്ടായിരുന്നെങ്കിലും ബജറ്റിൽ അതുമുണ്ടായില്ല. അതിനിടെ ഇന്ന് രാവിലെ എണ്ണക്കമ്പനികൾ വാണിജ്യ സിലിണ്ടറുകൾക്ക് 15 രൂപ വർധിപ്പിക്കുക കൂടി ചെയ്തു.

### പ്രധാന നേട്ടങ്ങൾ

80 കോടി ജനങ്ങൾക്ക് സൗജന്യ റേഷൻ നൽകി ദാരിദ്ര്യ നിർമ്മാർജനം യാഥാർഥ്യമാക്കി.

രാജ്യത്തിൻറെ അമൃത്കാലത്തിനായി സർക്കാർ പ്രയത്നിച്ചു.

കാർഷിക മേഖലയിൽ ആധുനികവത്കരണം നടത്തി. 25 കോടി ജനങ്ങളെ ദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കി. 2047ഓടെ ഇന്ത്യയെ വിക്ഷിത് ഭാരത് ആക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. സമ്പന്നമായ ഒരു രാജ്യം കെട്ടിപ്പടുക്കാനുള്ള ഉത്തരവാദിത്തം സർക്കാർ ഇരട്ടിയാക്കി.

എല്ലാ തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും റെക്കോർഡ് സമയത്താണ് നിർമ്മിച്ചിരിക്കുന്നത്.

സർവതോന്മുഖമായ വികസനത്തിൻറെ സ്വാധീനം എല്ലാ മേഖലകളിലും ദൃശ്യമാണ്. ജനങ്ങളുടെ ശരാശരി വരുമാനം 50 ശതമാനം വർധിച്ചു. സർക്കാർ 'ഭരണം, വികസനം, പ്രകടനം' എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.

ഉന്നതവിദ്യാഭ്യാസത്തിൽ സ്ത്രീ പ്രവേശനം 10 വർഷത്തിനുള്ളിൽ 28 ശതമാനം വർധിച്ചു. ഏഴ് ഐഐടികൾ, 16 ഐഐഐടികൾ, ഏഴ് ഐഐഎമ്മുകൾ, 15 എയിംസ്, 390 സർവകലാശാലകൾ തുടങ്ങി. പ്രധാനമന്ത്രി ഫസൽ ബീമാ യോജന നാല് കോടി കർഷകർക്ക് വിള ഇൻഷുറൻസ് നൽകുന്നു.

201314 മുതൽ സമുദ്രോത്പന്ന കയറ്റുമതി ഇരട്ടിയായി.

പ്രധാനമന്ത്രി കിസാൻ സമ്പത്ത് യോജന 38 ലക്ഷം കർഷകർക്ക് പ്രയോജനം ചെയ്തു. ആളോഹരി വരുമാനത്തിൽ 50 ശതമാനം വർധനവുണ്ടായി. പശ്ചാത്തല വികസനത്തിലും റെക്കോർഡ് വർധനവുണ്ടായി.

1,361 ഗ്രാമീണ ചന്തകൾ നവീകരിച്ചു.

### പ്രഖ്യാപനങ്ങൾ

പുതിയ റെയിൽവേ ഇടനാഴി സ്ഥാപിക്കും. വ്യോമഗതാഗത മേഖല വിപുലീകരിക്കും. ഇ വാഹനരംഗം വിപുലമാക്കും. സമുദ്ര ഉൽപന്നങ്ങളുടെ കയറ്റുമതി കൂട്ടും. ജനസംഖ്യ വർധന പഠിക്കാൻ വിദഗ്ധ സമിതിയെ നിയോഗിക്കും.

അഞ്ച് ഇൻറഗ്രേറ്റഡ് മത്സ്യ പാർക്കുകൾ യാഥാർഥ്യമാക്കും ഒരു കോടി വീടുകളിൽ കൂടി സോളാർ പദ്ധതി നടപ്പാക്കും.

അഞ്ച് വർഷത്തിനുള്ളിൽ രണ്ട് കോടി വീടുകൾ നിർമിക്കും കൂടുതൽ മെഡിക്കൽ കോളജുകൾ രാജ്യത്ത് യാഥാർഥ്യമാക്കും.

വന്ദേഭാരത് ട്രെയിൻറെ നിലവാരത്തിൽ 40, 000 ബോഗികൾ നിർമിക്കും.

കൂടുതൽ വിമാനത്താവളങ്ങൾ യാഥാർഥ്യമാക്കും

അഞ്ച് സംയോജിത അക്വാ പാർക്കുകൾ സ്ഥാപിക്കും ആയുഷ്മാൻ ഭാരതിൻറെ ആനുകൂല്യങ്ങൾ എല്ലാ ആശാ, അങ്കണവാടി ജീവനക്കാരിലേക്കും വ്യാപിപ്പിക്കും.

## ജനുവരി മാസം മുപ്പതാണ് ചലച്ചിത്രകാരനായ പാപ്പനംകോട് ലക്ഷ്മണന്റെ ഓർമ്മ ദിനം

# ഗാനരചന പാപ്പനംകോട് ലക്ഷ്മണൻ

മോഹൻ ശ്രീശൈലം



മലയാളചലച്ചിത്രരംഗത്ത് കഥ, തിർക്കഥ, സംഭാഷണം, ഗാനങ്ങൾ എന്നിവ എഴുതി പ്രസിദ്ധനായ വ്യക്തി ആണ് പാപ്പനംകോട് ലക്ഷ്മണൻ. എഴുപതോളം ചിത്രങ്ങൾക്ക് അദ്ദേഹം തിരക്കഥ ഒരുക്കിയിട്ടുണ്ട്. 197080 കാലത്ത് ശശികുമാർ, കെ. എസ്. ഗോപാലകൃഷ്ണൻ, കെ.ജി. രാജശേഖരൻ, ജോഷി തുടങ്ങിയ പ്രമുഖ സംവിധായകരോടൊത്ത് അദ്ദേഹം പ്രവർത്തിച്ചു. 1967ൽ ഇന്ദുലേഖ എന്ന ചിത്രത്തിലാണ് അദ്ദേഹം ചലച്ചിത്രരംഗത്ത് വരുന്നത്. പല പ്രവർത്തനങ്ങളിലൂടെ ഏകദേശം നൂറോളം സിനിമകളുമായി അദ്ദേഹം സഹകരിച്ചു. ഒരു ചിത്രത്തിൽ അഭിനയിക്കുകയും ഒരു ചിത്രം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

1936 ഡിസംബർ 6ന് തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് ജനിച്ചു. കുട്ടിക്കാലം മുതലെ ലക്ഷമണൻ കവിതകൾ എഴുതുമായിരുന്നു. പ്രാദേശിക കലാസമിതികളിലൂടെയുള്ള പ്രവർത്തനം അദ്ദേഹത്തെ കലാനിലയം സ്ഥിരം നാടകവേദിയിലെത്തിച്ചു. നാടകരചനയിലും,ഗാനരചനയിലും,സംവിധാനത്തിലും കഴിവുതെളിയിച്ചുകൊണ്ട് ഒൻപത് വർഷം അവിടെ കഴിഞ്ഞു. അതിനു ശേഷം മറ്റു പ്രൊഫഷണൽ നാടക സംഘങ്ങൾക്കുവേണ്ടിയും നാടകങ്ങൾ രചിച്ചു.

1967ൽ ഇറങ്ങിയ ഇന്ദുലേഖ എന്ന ചിത്രത്തിലെ 'സൽക്കലാദേവിതൻ... എന്ന ഗാനം രചിച്ചുകൊണ്ടാണ് പാപ്പനംകോട് ലക്ഷ്മണൻ സിനിമാമേഖലയിലേയ്ക്ക് പ്രവേശിയ്ക്കുന്നത്. തുടർന്ന് വിവിധ സിനിമകൾക്കായി നൂറിലധികം ഗാനങ്ങൾ രചിച്ചു. അമൃതവാഹിനി എന്ന സിനിമയ്ക്ക് കഥ,തിരക്കഥ,സംഭാഷണം രചിച്ചുകൊണ്ട് ആ മേഖലയിലും പാപ്പനംകോട് ലക്ഷ്മണൻ തന്റെ കഴിവു പ്രകടിപ്പിച്ചു. നൂറോളം സിനിമകൾക്ക് അദ്ദേഹം കഥ,തിരക്കഥ,സംഭാഷണം രചിച്ചിട്ടുണ്ട്. ഒരു സിനിമയിൽ അഭിനയിക്കുകയും ഒരു സിനിമ നിർമ്മിയ്ക്കുകയും ചെയ്തിട്ടുണ്ട്.

1998 ജനുവരി 30 ന് ചെന്നൈയിൽ വച്ച് അദ്ദേഹം അന്തരിച്ചു .

പാപ്പനംകോട് ലക്ഷ്മണന്റെ ഭാര്യ രാജമ്മ. രണ്ട് കുട്ടികൾ ഗോപീകൃഷ്ണൻ,വീണ.

# കേരളത്തിന്റെ ആവശ്യങ്ങളെയും താൽപര്യങ്ങളെയും അശേഷം പരിഗണിക്കാത്ത ബജറ്റ്: മുഖ്യമന്ത്രി

തിരുവനന്തപുരം കേരളത്തിന്റെ ആവശ്യങ്ങളെയും താൽപര്യങ്ങളെയും അശേഷം പരിഗണിക്കാത്ത വിധത്തിലാണ് കേന്ദ്ര ബജറ്റ് രൂപപ്പെടുത്തിയിട്ടുള്ളതെന്ന് മുഖ്യമന്ത്രി പിറായി വിജയൻ. റബ്ബർ ഉൾപ്പെടെയുള്ളവയുടെ ഇറക്കുമതിച്ചുങ്കം ഉയർത്തി ആഭ്യന്തര റബ്ബർ കൃഷിയെ പരിരക്ഷിക്കണമെന്ന ആവശ്യം പരിഗണിക്കുന്നില്ല.

കേരളത്തിന്റെ നെൽ കൃഷി, കേരകൃഷി, സുഗന്ധവ്യഞ്ജന കൃഷി തുടങ്ങിവയ്ക്ക് പ്രത്യേക പരിഗണന കിട്ടിയിട്ടില്ല. എയിംസ് പോലുള്ള പുതിയ സ്ഥാപനങ്ങളില്ല. പുതിയ തീവണ്ടികളില്ല, റെയിൽ സർവ്വേകളില്ല, ശബരിപാത പോലുള്ളവയില്ല, പാത ഇരട്ടിപ്പിക്കലുകളുമില്ല. ഇത്തരത്തിലുള്ള കേരളത്തിന്റെ ന്യായമായ ആവശ്യങ്ങളൊന്നും ബജറ്റിൽ പരിഗണിച്ചിട്ടുള്ളതായി കാണാനില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

2047 ൽ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുമെന്നു പറയുന്ന ബജറ്റ്, ഈ വഴിക്കുള്ള ഏതു നീക്കത്തിനും അവശ്യം ആവശ്യമായുള്ളതു സംസ്ഥാനങ്ങളെ ശാക്തീകരിക്കുകയാണെന്ന അടിസ്ഥാന തത്വം തന്നെ മറന്നിരിക്കുന്നു. മേഖലാപരമായ അസന്തുലിതാവസ്ഥ വർദ്ധിപ്പിക്കുന്നതും സംസ്ഥാന താൽപര്യങ്ങളെ നിഹനിക്കുന്നതും പണപ്പെരുപ്പം ശക്തിപ്പെടുത്തുന്നതും ജനങ്ങളെ പാപ്പരീകരിക്കുന്നതുമാണ് ബജറ്റും അതിലെ സാമ്പത്തിക സമീപനങ്ങളും.

സംസ്ഥാനങ്ങളുടെ കടമെടുപ്പു പരിധി വർദ്ധിപ്പിക്കണമെന്നതടക്കമുള്ള ആവശ്യങ്ങൾ അംഗീകരിക്കുന്നില്ല. മൂലധന ചിലവുകൾക്കായി സംസ്ഥാനങ്ങൾക്കു പൊതുവിൽ ലഭ്യമാക്കുന്ന വായ്പയുടെ അളവ് കുറച്ചിരിക്കുകയാണ്.

കഴിഞ്ഞ വർഷം നീക്കിവെച്ചതിനെ അപേക്ഷിച്ച് കുറച്ചു മാത്രമേ പല മേഖലകളിലും കേന്ദ്ര സർക്കാർ ചിലവഴിച്ചിട്ടുള്ളു എന്ന് വ്യക്തമാക്കുന്നതാണ് റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ്സ്. കൃഷി, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ വികസനം തുടങ്ങിയവയുടെ ഒക്കെ കാര്യത്തിൽ ഇതാണ് അവസ്ഥ.

# അഴീക്കൽ തുറമുഖത്തിന് ഐഎസ്പിഎസ് സ്ഥിരം സെക്യൂരിറ്റി കോഡ്

തിരുവനന്തപുരം: കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ തുറമുഖങ്ങൾക്ക് പിന്നാലെ അഴീക്കൽ തുറമുഖത്തിനും ഐഎസ്പിഎസ് (ഇൻറർനാഷണൽ ഷിപ്പിംഗ് ആൻഡ് പോർട്ട് സെക്യൂരിറ്റി കോഡ്) സ്ഥിരം അംഗീകാരം ലഭിച്ചെന്ന് മന്ത്രി വി.എൻ. വാസവൻ.

അന്താരാഷ്ട്ര കപ്പലുകൾ അടുക്കുന്നതിനും തുറമുഖങ്ങൾക്കുള്ള സുരക്ഷ ഉറപ്പക്കുന്നതിനുമുള്ള സ്ഥിരമായ അനുമതിയായ ഇൻറർനാഷണൽ ഷിപ്സ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് സ്ഥിരമായി ലഭിച്ചതോടെ തുറമുഖത്തിന് പുതിയ വികസന സാധ്യതയാണ് തെളിഞ്ഞിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

നേരത്തെ വിദേശത്തുനിന്നുൾപ്പെടെ ചരക്ക് കൊണ്ടുവരുന്നതിന് പ്രത്യേക അനുമതി വേണ്ടിയിരുന്നു. അഴീക്കൽ പോർട്ടിലേക്ക് വരുന്ന ചരക്കുകൾ കൊച്ചിയിൽ വന്ന് അനുമതി വാങ്ങിയശേഷമായിരുന്നു പോർട്ടിലേക്ക് കൊണ്ടുവന്നിരുന്നത്. ഐഎസ്പിഎസ് കോഡ് ലഭ്യമായതോടെ നേരിട്ട് തന്നെ അഴീക്കൽ പോർട്ടിലേക്ക് വിദേശ ചരക്കുകൾ കൊണ്ടുവരാൻ സാധിക്കും.



# ലൈഫ് മിഷനുമായി കൈകോർത്ത് ലയൺസ് ഇൻ്റർനാഷണൽ 100 വീടുകൾ നിർമ്മിച്ചു നൽകും



ഭൂരഹിത ഭവനരഹിതർക്ക് 100 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സന്നദ്ധത അറിയിച്ച് ലയൺസ് ഇൻ്റർനാഷണൽ 318 - എയുടെ പ്രതിനിധികൾ മന്ത്രി എം.ബി രാജേഷുമായി കൂടിക്കാഴ്ച നടത്തുന്നു

തിരുവനന്തപുരം : ലൈഫ് മിഷനുമായി കൈകോർത്ത് ലയൺസ് ഇൻ്റർനാഷണൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ ഭൂരഹിത ഭവന രഹിതർക്ക് വീടുകൾ വെച്ചുനൽകുമെന്ന് തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് അറിയിച്ചു. വിവിധ വ്യക്തികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സംഭാവന നൽകിയതും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വാങ്ങിയതുമായ ഭൂമിയിലാണ് ലയൺസ് ഇൻ്റർനാഷണലിന്റെ ഡിസ്ട്രിക്ട് 318 എ വീട് നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുന്നത്. തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ലയൺസ് ഇൻ്റർനാഷണൽ 318 എ യുടെ 2023 24 വൈസ് ഗവർണർ പിഎം ജിഎഫ് ലയൺ എം.എ.വഹാബിനെ പ്രതിനിധീകരിച്ച് പത്മകുമാർ, ബി.പ്രദീപ്, സക്കറിയ ഡിത്രോസ് ലയൺ, രവികുമാർ, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ്, തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടർ(റൂറൽ) പ്രേം കുമാർ, ലൈഫ് മിഷൻ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

രണ്ട് ജില്ലകളിലെ 4 കേന്ദ്രങ്ങളിലാണ് 500 ച.അടി വീതം വിസ്തീർണ്ണമുള്ള 100 വീടുകൾ നിർമ്മിച്ച് നല്കുന്നത്. ഒരു വർഷത്തിനകം വീട് നിർമ്മാണം ലയൺസ് ഇൻ്റർനാഷണൽ പൂർത്തീകരിച്ച് അർഹരായ ലൈഫ് ഗുണഭോക്താക്കൾക്ക് കൈമാറും. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുദാക്കൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ 96 സെന്റ്, കിളിമാനൂർ ഗ്രാമ പഞ്ചായത്തിന്റെ ഒരു ഏക്കർ ഭൂമി, കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമ പഞ്ചായത്തിൽ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി സുബ്രഹ്മണ്യം അബ്ദുള്ള വാങ്ങി നല്കിയ ഒരു ഏക്കർ ഭൂമി, പരവൂർ മുൻസിപ്പാലിറ്റിയിലെ 73 സെന്റ് സ്ഥലം എന്നിവിടങ്ങളിലായാണ് ലൈഫ് മിഷന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ ലയൺസ് ഇൻ്റർനാഷണൽ 318എ വീടുകൾ നിർമ്മിച്ച് നല്കുന്നത്.

ലൈഫ് മിഷനുമായി കൈകോർക്കാൻ രംഗത്തെത്തിയ ലയൺസ് ഇൻ്റർനാഷണലിനെ തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് അഭിനന്ദിച്ചു. എല്ലാവർക്കും അടച്ചുറപ്പുള്ള വീട് ഒരുക്കാനുള്ള ശ്രമത്തിലാണ് സംസ്ഥാന സർക്കാർ. ഇതിനകം തന്നെ 3,71,934 വീടുകൾ ലൈഫ് മിഷനിലൂടെ പൂർത്തിയാക്കാനായി. ലയൺസ് ഇൻ്റർനാഷണലിനെപ്പോലെ കൂടുതൽ സംഘടനകൾ ലൈഫ് മിഷനോടൊപ്പം സഹകരിക്കാൻ രംഗത്തെത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു

# ഗംഭീര വിജയം; ന്യൂസിലാൻഡിനെ തകർത്തെറിഞ്ഞ് ഇന്ത്യൻ കൗമാരപട

ബ്ലോംഫോൺറൈൻ: അണ്ടർ19 ലോകകപ്പ് സൂപ്പർ സിക്സ് മത്സരത്തിൽ ഇന്ത്യൻ കൗമാര പടയ്ക്ക് തകർപ്പൻ ജയം. ന്യൂസിലാൻഡിനെതിരേ 214 റൺസിൻറെ ഗംഭീര വിജയമാണ് സ്വന്തമാക്കിയത്. മറുപടി ബാറ്റിംഗിനിറങ്ങിയ ന്യൂസിലാൻഡ് 81 ന് പുറത്തായി.

സെഞ്ചുറിയും രണ്ട് വിക്കറ്റും സ്വന്തമാക്കിയ മുഷീർ ഖാനെ കളിയിലെ താരമായി തെരഞ്ഞെടുത്തു. സ്കോർ: ഇന്ത്യ 50 ഓവറിൽ 295/8.ന്യൂസിലാൻഡ് 28.1 ഓവറിൽ 81/10.

ഇന്ത്യ ഉയർത്തിയ 296 റൺസിൻറെ വിജയലക്ഷ്യം പിന്തുടർന്ന് ഇറങ്ങിയ ന്യൂസിലാൻഡ് ബാറ്റിംഗ് നിര തകർന്നടിഞ്ഞു. ആദ്യ ഓവറിൽ ഇരട്ട പ്രഹരമേൽപ്പിച്ച രാജ് ലിംബാനി ന്യൂസിലാൻഡ് പതനത്തിന് തുടക്കം കുറിച്ചു.

പിന്നാലെ ക്രീസിൽ എത്തിയവരൊക്കെ വന്നപ്പോലെ മടങ്ങി. ഒരു ഘട്ടത്തിലും കാര്യമായ ചെറുത്തുനിൽപ്പ് ന്യൂസിലാൻഡ് കൗമാരപടയുടെ ഭാഗത്ത് നിന്ന് ഉണ്ടായില്ല.

നാല് വിക്കറ്റുകൾ വീഴ്ത്തിയ സൗമി പാണ്ഡെയാണ് ന്യൂസിലാൻഡിൻറെ നടുവൊടിച്ചത്. ഇന്ത്യൻ ബാറ്റിംഗിന് ചുക്കാൻ പിടിച്ച മുഷീർ ഖാൻ രണ്ട് വിക്കറ്റുകളും സ്വന്തമാക്കി. രാജ് ലിംബാനി രണ്ട് വിക്കറ്റും നമൻ തിവാരി, അർഷിൻ കുൽക്കർണി എന്നിവർ ഓരോ വിക്കറ്റ് വീതവും സ്വന്തമാക്കി.

നേരത്തെ, ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ എട്ട് വിക്കറ്റ് നഷ്ടത്തിൽ 295 റൺസ് സ്വന്തമാക്കിയിരുന്നു. മുഷീർ ഖാൻറെ സെഞ്ചുറി!യും ഓപ്പണർ ആദർശ് സിംഗിൻറെ അർധസെഞ്ചുറിയുമാണ് ഇന്ത്യയെ മികച്ച സ്കോറിലേക്ക് എത്തിച്ചത്.

# തിരിച്ചടി തീരുമാനിച്ചെന്ന് ജോ ബൈഡൻ

വാഷിംഗ്ടൺ ഡിസി: ജോർദാനിലെ സൈനികതാവളത്തിൽ മൂന്നു സൈനികർ കൊല്ലപ്പെട്ടതിനു ശക്തമായ തിരിച്ചടി നല്കാൻ യുഎസ് ഒരുങ്ങുന്നതായി സൂചന. എങ്ങനെ തിരിച്ചടിക്കണമെന്നു തീരുമാനിച്ചതായി യുഎസ് പ്രസിഡൻറ് ജോ ബൈഡൻ പറഞ്ഞു. പക്ഷേ ഇതു സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ നല്കാൻ അദ്ദേഹം കൂട്ടാക്കിയില്ല.

ഇറാൻറെ പിന്തുണയോടെ പശ്ചിമേഷ്യയിൽ പ്രവർത്തിക്കുന്ന സായുധസംഘങ്ങളെയും കമാൻഡർമാരെയും ആക്രമിക്കാനുള്ള പദ്ധതി അമേരിക്കൻ നേതൃത്വം പരിഗണിക്കുന്നതായി റിപ്പോർട്ട് ചെയ്യുന്നു. അതേസമയം, അമേരിക്ക ആക്രമിച്ചാൽ ശക്തമായി തിരിച്ചടിക്കുമെന്ന് ഇറാനും ഭീഷണി മുഴക്കിയിട്ടുണ്ട്.

ഇതിനിടെ, പശ്ചിമേഷ്യയിലെ അമേരിക്കൻ താവളങ്ങൾക്കു നേർക്ക് ആക്രമണം നടത്തുന്നതു നിർത്തിവച്ചതായി ഇറാൻറെ പിന്തുണയുള്ള ഇറാക്കി സായുധ സംഘടന കതെയ്ബ് ഹിസ്ബുള്ള അറിയിച്ചു.

ജോർദാനിൽ മൂന്നു യുഎസ് സൈനികർ കൊല്ലപ്പെട്ട ആക്രമണം നടത്തിയത് ഈ സംഘടനയാണെന്നു കരുതുന്നു. ഇസ്ലാമിക് റസിസ്റ്റിൻസ് ഓഫ് ഇറാക്ക് എന്ന ഗ്രൂപ്പാണു സംഭവത്തിൻറെ ഉത്തരവാദിത്വം ഏറ്റെടുത്തത്. കതെയ്ബ് ഹിസ്ബുള്ള അടക്കമുള്ള സംഘടനകൾ ഗ്രൂപ്പിൻറെ ഭാഗമാണ്.

ഇറാക്കി സർക്കാരിനു കൂടുതൽ നാണക്കേട് ഉണ്ടാകാതിരിക്കാനാണ് അമേരിക്കൻ താവളങ്ങൾ ആക്രമിക്കുന്നത് നിർത്തിവയ്ക്കുന്നതെന്ന് കത്തെയ്ബ് ഹിസ്ബുള്ള നേതാവ് അബു ഹുസെയ്ൻ അൽ ഹമിദാവി പ്രസ്താവനയിൽ അറിയിച്ചു.

# ജപ്പാനിൽ റൺവേയിൽ വിമാനങ്ങളുടെ ചിറകറ്റം തമ്മിലുരസി; ആളപായമില്ല

ടോക്യോ: ജപ്പാനിൽ റൺവേയിൽ വിമാനങ്ങളുടെ ചിറകറ്റം തമ്മിലുരസി. ഇന്നു രാവിലെ ഒസാക്കയിലെ ഇറ്റാമി വിമാനത്താവളത്തിൻറെ ആഭ്യന്തര ടെർമിനലിലാണ് സംഭവം. ഓൾ നിപ്പോൺ എ!യർവേയ്സിൻറെ രണ്ടു യാത്രാവിമാനങ്ങളാണ് അപകടത്തിൽപെട്ടത്.

അതേസമയം യാത്രക്കാർക്കോ ജീവനക്കാർക്കോ പരിക്കേറ്റിട്ടില്ലെന്ന് പ്രാദേശിക മാധ്യമങ്ങൾ അറിയിച്ചു.

ഈ വർഷം തുടക്കം മുതൽ ജാപ്പനീസ് വിമാനങ്ങളും വിമാനത്താവളങ്ങളും ഉൾപ്പെട്ട അപകടങ്ങളുടെ ഏറ്റവും പുതിയതാണ് ഈ സംഭവം. ജനുവരി രണ്ടിന് ഹനേഡ വിമാനത്താവളത്തിൽ ജപ്പാൻ എയർലൈൻസ് വിമാനവും കോസ്റ്റ് ഗാർഡിൻറെ ചെറുവിമാനവും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ അഞ്ചുപേർ മരിച്ചിരുന്നു.

# യുഎസിൽ ഇന്ത്യൻ വംശജനായ വിദ്യാർത്ഥിയെ കൊലപ്പെടുത്തി

വാഷിങ്ടൺ: യുഎസിൽ ഇന്ത്യൻ വംശജനായ വിദ്യാർത്ഥിയെ ക്രൂരമായി കൊലപ്പെടുത്തി. ഹരിയാന സ്വദേശിയായ വിവേക് സൈനി (25) ആണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ ജൂലിയൻ ഫോക്നർ എന്നയാളെ പൊലീസ് അറസ്റ്റ് ചെയ്തു. ഇയാൾ മയക്കുമരുന്നിന് അടിമയായിരുന്നുവെന്ന് പൊലീസ് പറയുന്നു. വിവേകിന്റെ തലയിൽ 50ലധികം തവണ ചുറ്റിക കൊണ്ട് അടിച്ചാണ് കൊലപാതകം നടത്തിയത്. ഭവനരഹിതനായ ഫോക!നർ രണ്ട് ദിവസം മുമ്പാണ് വിവേക് ജോലി ചെയ്യുന്ന കടയിലെത്തിയത്. ഫോക!നറിന് ഭക്ഷണവും വെള്ളവും ജാക്കറ്റും വിവേക് നൽകിയിരുന്നു. ഫോക!നറിന്റെ പെരുമാറ്റത്തിൽ അസ്വാഭാവികത തോന്നിയതിനെത്തുടർന്ന് കടയിൽ നിന്ന് പോകണമെന്ന് വിവേക് ആവശ്യപ്പെട്ടു. ഇതിനു പ്രതികാരമായാണ് ഇയാൾ വിവേകിനെ ആക്രമിച്ചത്. ബിടെക്ക് കഴിഞ്ഞ് രണ്ട് വർഷം മുമ്പ് യുഎസിലെത്തിയ വിവേക് അടുത്തിടെയാണ് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദം നേടിയത്.

## പോലീസുകാരുടെ മോശം പെരുമാറ്റത്തിന് കാരണം മാനസിക പിരിമുറുക്കമെന്ന് ഡി.ജി.പി.; അത് ലൈസൻസ് അല്ലെന്ന് കോടതി

കൊച്ചി: ആലത്തൂരിൽ എസ്.ഐ. അഭിഭാഷകനെ അധിക്ഷേപിച്ച സംഭവത്തിൽ പോലീസിനെതിരെ അതിരൂക്ഷ വിമർശനവുമായി ഹൈക്കോടതി. പെരുമാറ്റം നന്നാക്കാൻ പല സർക്കുലറും വന്നു, എന്നാൽ ഇതിൽ നിന്നൊക്കെ ഉദ്യോഗസ്ഥർ എന്താണ് പഠിച്ചതെന്ന് കോടതി ചോദിച്ചു. കേസിൽ ഡി.ജി.പി. ഹാജരായപ്പോഴാണ് പോലീസിനെതിരെ കോടതി രൂക്ഷമായ വിമർശനം ഉന്നയിച്ചത്.

നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ടും ഇതുമായി ബന്ധപ്പെട്ട മറ്റുകാര്യങ്ങളും വിശദീകരിക്കാൻ കോടതി നേരത്തേ നിർദേശിച്ചിരുന്നു. ഇത് വിശദീകരിക്കവെ, മാനസിക പിരിമുറുക്കം പലപ്പോഴും പോലീസുകാരുടെ മോശം പെരുമാറ്റത്തിന് കാരണമാകാറുണ്ടെന്ന് ഡി.ജി.പി. കോടതിയോട് പറഞ്ഞു. തെരുവിൽ ജോലി ചെയ്യുന്നവർക്കും മാനസിക പിരിമുറുക്കം ഉണ്ടാകാറുണ്ടെന്നും മാനസിക പിരിമുറുക്കം എന്നത് മോശം പെരുമാറ്റത്തിനുള്ള ലൈസൻസ് അല്ലെന്നും കോടതി പറഞ്ഞു.

1965ന് ശേഷം പലതവണയായി നിരവധി സർക്കുലറുകൾ പോലീസുകാരുടെ പെരുമാറ്റം നന്നാക്കുന്നതിനായി ഇറക്കിയിട്ടുണ്ട്. എന്നിട്ടും ഉദ്യോഗസ്ഥർ പാഠംപഠിച്ചില്ലേ എന്ന് കോടതി ചോദിച്ചു. ഇക്കാര്യങ്ങൾ ഗൗരവമായി കാണണം എന്നുപറഞ്ഞ കോടതി, കഴിഞ്ഞദിവസം പുറത്തിറക്കിയത് ഈ വിഷയത്തിലെ അവസാനത്തെ സർക്കുലറായിരിക്കണമെന്നും പറഞ്ഞു.

പോലീസ് ഉദ്യോഗസ്ഥരുടെ യോഗംവിളിക്കുമെന്നും ശക്തമായ നടപടികൾ ഉണ്ടാകുമെന്നും ഡി.ജി.പി. കോടതിയെ അറിയിച്ചു. ആലത്തൂരിൽ അഭിഭാഷകനോട് മോശമായി സംസാരിച്ച എസ്.ഐ. വി.ആർ. റെനീഷിനെ സ്ഥലം മാറ്റിയിട്ടുണ്ടെന്നും അദ്ദേഹം കോടതിയെ അറിയിച്ചു. കേസിൽ റെനീഷിന്റെ അഭിഭാഷകൻ കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. സംഭവത്തിൽ നിരുപാധികം മാപ്പ് പറയാൻ തയ്യാറാണെന്നായിരുന്നു സത്യവാങ്മൂലം.

# യുക്രെയിൻ വിക്ഷേപിച്ച 20 മിസൈലുകൾ തകർത്തു; റഷ്യ

മോസ്കോ: കരിങ്കടലിൻറെയും ക്രിമിയ ഉപദ്വീപിൻറെയും മുകളിലൂടെ യുക്രെയിൻ വിക്ഷേപിച്ച 20 മിസൈലുകൾ തകർത്തെന്ന അവകാശവാദവുമായി റഷ്യ.

വ്യോമസേന നടത്തിയ പ്രതിരോധ നടപടികളിൽ കരിങ്കടലിനെ ലക്ഷ്യംവച്ച 17 മിസൈലുകളും ക്രിമിയ ഉപദ്വീപിന് മുകളിലെത്തിയ മൂന്ന് മിസൈലുകളുമാണ് നശിപ്പിച്ചതെന്ന് റഷ്യൻ പ്രതിരോധ മന്ത്രാലയം സമൂഹമാധ്യമത്തിൽ കുറിച്ചു.

സെവാസ്റ്റോപോൾ നഗരത്തിൻറെ വടക്കൻ പ്രവിശ്യയായ ല്യൂബിമോവ്കയ്ക്ക് സമീപം മിസൈലിൻറെ അവശിഷ്ടങ്ങൾ കണ്ടെത്തിയതായി റിപ്പോർട്ട്. സംഭവത്തിൽ ആർക്കും പരിക്കേറ്റിട്ടില്ലെന്നും പ്രതിരോധ മന്ത്രാലയം കൂട്ടിച്ചേർത്തു. നേരത്തെ, സെവാസ്റ്റോപോൾ നഗരത്തിൽ വ്യോമസേനയുടെ പ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുമെന്ന് ഗവർണർ മിഖായേൽ റസ്വോഷായേവ് അറിയിച്ചിരുന്നു. റഷ്യയുടെ ബ്ലാക്ക് ഫ്ലീറ്റ് കപ്പലുകളുടെ ആസ്ഥാനമാണ് സെവാസ്റ്റോപോൾ. ഇവിടെ യുക്രെയിൻ ആക്രമണങ്ങൾ പതിവാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ: മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ജില്ലകളിൽ പര്യടനം നടത്തി

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗളിന്റെ അധ്യക്ഷതയിൽ ജില്ലാതല അവലോകന യോഗങ്ങൾ ആരംഭിച്ചു. കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലാണ് ആദ്യഘട്ട അവലോകന യോഗങ്ങൾ നടക്കുന്നത്. സുരക്ഷിതവും സുതാര്യവുമായി തിരഞ്ഞെടുപ്പ് നടത്തുന്നതിന് ജില്ലകളിലുള്ള സാഹചര്യം വിലയിരുത്തുന്നതിനാണ് അവലോകന യോഗങ്ങൾ ചേരുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ഇലക്ഷൻ ഓഫീസർമാർ കൂടിയായ ജില്ലാകളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ, തിരഞ്ഞെടുപ്പ് ജോലി നിർവ്വഹിക്കുന്ന ഡെപ്യൂട്ടികളക്ടർമാർ, തഹസിൽദാർമാർ തുടങ്ങിയവരുമായി നേരിട്ട് കൂടിക്കാഴ്ച നടത്തും.

കുറ്റമറ്റ രീതിയിൽ തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിക്കുന്നതിനായി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എല്ലാ ബൂത്തുകളും സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബൂത്തുകളിൽ ഭിന്നശേഷിക്കാർക്കുള്ള റാംപ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവ ഉറപ്പുവരുത്തണം. ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കാൻ ജില്ലകളിലെ സാഹചര്യങ്ങൾ വിലയിരുത്തി പോലീസ് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം. വോട്ടർ പട്ടിക കുറ്റമറ്റതാക്കുന്നതിനുള്ള തുടർ നടപടികളും ജില്ലകളിൽ സ്വീകരിക്കണം. വോട്ട് ചെയ്യുന്നതിന് വിമുഖത കാണിക്കുന്നവരെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കണം. തിരഞ്ഞെടുപ്പിന് മുന്നോടിയായി ഉദ്യോഗസ്ഥർക്കുള്ള പരിശീലനം സമയ ബന്ധിതമായി നൽകണം.

കൂടുതൽ സ്ത്രീ സൗഹൃദ ബൂത്തുകളും തയ്യാറാക്കണം. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽ മാതൃകാപെരുമാറ്റച്ചട്ടമനുസരിച്ചാണ് പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പാക്കാൻ സജ്ജമായിരിക്കണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

# ഭക്ഷണമില്ല, കാലിത്തീറ്റ കഴിച്ച് ഗാസാ നിവാസികൾ

ഇസ്രയേൽ കടന്നാക്രമണം നാൾക്കുനാൾ രൂക്ഷമാക്കുകയും മുനമ്പിലേക്കുള്ള അവശ്യവസ്തുക്കളുടെ വിതരണം പൂർണമായും തടയുകയും ചെയ്തതോടെ ഗാസ നിവാസികൾ പട്ടിണിയിൽ. ഭക്ഷ്യവസ്തുക്കൾ ഇല്ലാതായതോടെ കാലിത്തീറ്റ കഴിച്ച് അതിജീവിക്കാനുള്ള ശ്രമത്തിലാണ് ഇവിടുത്തെ 22 ലക്ഷത്തോളം ജനങ്ങൾ. കാലിത്തീറ്റ പൊടിച്ച് റൊട്ടിയുണ്ടാക്കുന്ന ജനങ്ങളുടെ ദൃശ്യങ്ങൾ അന്താരാഷ്ട്ര മാധ്യമങ്ങൾ പുറത്തുവിട്ടു. ഗാസയിൽ പകർച്ചവ്യാധികൾ അതിവേഗം പടരുന്ന അവസ്ഥയിലാണെന്ന് ആരോഗ്യ മന്ത്രാലയം പറഞ്ഞു. ആക്രമണത്തിൽ ഇതുവരെ ഗാസയിൽ 26,751 പേർ കൊല്ലപ്പെട്ടു.

ഗാസയിലെ തങ്ങളുടെ ഓഫീസുകളിലേക്ക് ഇസ്രയേൽ സൈന്യം 260 തവണ നടത്തിയ ആക്രമണങ്ങളിൽ 360 പലസ്തീൻകാർ കൊല്ലപ്പെട്ടെന്ന് അഭയാർഥികൾക്കായുള്ള യുഎൻ ഏജൻസി പറഞ്ഞു. ഹമാസുമായി ചേർന്ന് പ്രവർത്തിച്ചെന്ന് ആരോപിച്ച 12 ഏജൻസി പ്രവർത്തകരുടെ വിവരങ്ങൾ ഇസ്രയേൽ പുറത്തുവിട്ടു. ആരോപണത്തിൽ വിശദ അന്വേഷണം വേണമെന്ന് റഷ്യ ആവശ്യപ്പെട്ടു.

പാരിസിൽ നടന്ന ചർച്ചകളുടെ തുടർച്ചയായി ലഭിച്ച വെടിനിർത്തൽ കരാറിനായുള്ള നിർദേശം പഠിച്ചുവരികയാണെന്ന് ഹമാസ് നേതാവ് ഇസ്മായിൽ ഹനിയെ പറഞ്ഞു. ചർച്ചകൾക്കായി കെയ്റോയിലേക്ക് പോകും.

45 ദിവസം നീളുന്ന ഘട്ടംഘട്ടമായ വെടിനിർത്തലാണ് നിർദേശിച്ചിരിക്കുന്നതെന്ന് ഇസ്രയേൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. രണ്ടാംഘട്ടത്തിൽ ഹമാസിന്റെ പക്കലുള്ള പുരുഷന്മാരായ ബന്ദികളെയും ഇസ്രയേൽ പട്ടാളക്കാരെയും കൈമാറും റിപ്പോർട്ടിൽ പറയുന്നു. എന്നാൽ, ഗാസയിൽനിന്ന് പിന്മാറില്ലെന്ന് ഇസ്രയേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു വ്യക്തമാക്കി. ഇസ്രയേൽ ജയിലിലുള്ള ആയിരക്കണക്കിന് പലസ്തീൻകാരെ വിട്ടയക്കണമെന്ന ഹമാസ് ആവശ്യവും തള്ളി.

## സ്റ്റാഫ് നഴ്സ് താത്കാലിക നിയമനം

കൊല്ലം : സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ കാസ്പ് സ്കീം മുഖേന താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സ്റ്റാഫ് നഴ്സ് തസ്തികയിലേയ്ക്ക് യോഗ്യതയുള്ള ഉദ്യോഗാർഥികളെ അഭിമുഖത്തിനായി ക്ഷണിച്ചു.

ജനറൽ നഴ്സിംഗ് മിഡ് വൈഫറി / ബി.എസ്സി നഴ്സിംഗ്, കേരള നഴ്സിംഗ് കൗൺസിൽ രജിസട്രേഷൻ എന്നിവയാണ് യോഗ്യത. സർക്കാർ ആശുപത്രികളിൽ പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന ലഭിക്കും. 18നും 41നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസ വേതനം 17,000 രൂപ. താത്പര്യമുള്ള ഉദ്യോഗാർഥികൾക്ക് തപാൽ മുഖേനായോ ഓഫീസിൽ നേരിട്ട് ഹാജരായോ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി ഫെബ്രുവരി 19 വൈകിട്ട് അഞ്ചു മണി.

ഇന്റർവ്യൂ തീയതി കൊല്ലം സർക്കാർ മെഡിക്കൽ കോളജിന്റെ വെബ്സൈറ്റിൽ (www.gmckollam.edu.in) പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകർ അഭിമുഖത്തിന് ഹാജരാകുമ്പോൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ, വയസ് എന്നിവ തെളിയിക്കുന്ന അസൽ രേഖകളും, ആയതിന്റെ പകർപ്പുകളും സഹിതം കൊല്ലം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0474 2575050

## അസിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയേഷൻ

ആലപ്പുഴ ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ റേഡിയേഷൻ ഫിസിക്സ് തസ്തികയിൽ ഓപ്പൺ വിഭാഗത്തിൽ ഉള്ളവർക്ക് വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു താത്ക്കാലിക ഒഴിവ് നിലവിലുണ്ട്.

ഓപ്പൺ വിഭാഗക്കാരുടെ അഭാവത്തിൽ മറ്റു വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

2024 ജനുവരി 1 ന് 41 വയസ്സ് കവിയാൻ പാടില്ല. നിയമാനുസൃത വയസ്സിളവ് ബാധകമാണ്.

ശമ്പള സ്കെയിൽ 1560039100. നിശ്ചിത യോഗ്യതയുള്ള ഓപ്പൺ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകളുമായി 2024 ഫെബ്രുവരി 12 നകം ബന്ധപ്പെട്ട് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. നിലവിൽ ജോലി ചെയ്ത്കൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട മേധാവിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് 0471 2330756 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ചിത്രരചന മത്സരം സംഘടിപ്പിക്കും

ഭൂവിഭവ സംരക്ഷണ ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സ്കൂൾ വിദ്യാർഥികൾക്കായി കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് ചിത്രരചനാ മത്സരം സംഘടിപ്പിക്കുന്നു. 2024 ഫെബ്രുവരി 17ന് ശനിയാഴ്ച തൃശൂർ തേക്കിൻകാട് മൈതാനത്തിലുള്ള നെഹ്റു പാർക്കിൽ നടത്തുന്ന മത്സരം എൽപി / യുപി / എച്ച്എസ് വിഭാഗങ്ങൾക്കായി പ്രത്യേകം സംഘടിപ്പിക്കുന്നതാണ്. മത്സരാർത്ഥികൾ അന്നേ ദിവസം രാവിലെ 9ന് സ്കൂൾ തിരിച്ചറിയൽ കാർഡും ചിത്രരചനയ്ക്കാവശ്യമായ സാമഗ്രികളും സഹിതം എത്തിച്ചേരേണ്ടതാണ്. വരയ്ക്കുന്നതിനാവശ്യമായ ഡ്രോയിംഗ് പേപ്പർ മത്സര വേദിയിൽ നൽകുന്നതാണ്. എൽ.പി വിഭാഗത്തിന് ക്രയോൺ, യു.പി, എച്ച്.എസ് വിഭാഗങ്ങൾക്ക് വാട്ടർ കളർ എന്നിവയാണ് ചിത്രരചനയ്ക്കായി ഉപയോഗിക്കേണ്ട സാമഗ്രികൾ. മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർഥികളുടെ രജിസ്ട്രേഷൻ ഫെബ്രുവരി 14 വൈകുന്നേരം അഞ്ചിന് മുൻപായി കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് ०००.സഹൈൗയ.സല്യമഹമ.ഴീ.ശി വഴി ഓൺലൈനായി ചെയ്യേണ്ടതാണ്. വിലാസം: കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം 33. ഫോൺ: 0471 2307830 / 2302231 / 8075439719. വിശദവിവരങ്ങൾ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഇമെയിൽ: landuseboard@yahoo.com.

# പാരീസിന് ചുറ്റും വേലി കെട്ടി ഫ്രഞ്ച് കർഷകർ

പാരീസ് ഫ്രാൻസിൽ തീവ്രവലത് സർക്കാരിന്റെ കർഷകവിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ച് പാരീസിന് ചുറ്റും വേലികെട്ടി കർഷകർ. ദിവസങ്ങൾമുമ്പേ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ട്രാക്ടർ റാലിയായി പ്രതിഷേധം ആരംഭിച്ച കർഷകർ പാരീസ് നഗരത്തിനുചുറ്റും തമ്പടിച്ചിരിക്കുകയാണ്. വയ്ക്കോൽക്കൂനകൾ കൂട്ടിയും ട്രാക്ടറുകൾ നിരത്തിയും നഗരത്തിലേക്കുള്ള ഗതാഗതം ഉപരോധിച്ചിരിക്കുന്നു. സർക്കാരിൽനിന്ന് അനുകൂല തീരുമാനം ഉണ്ടാകുംവരെ പ്രതിഷേധം തുടരുമെന്നാണ് കർഷകരുടെ പ്രഖ്യാപനം.

വിളകൾക്ക് ഉചിതമായ വില, വേതനവർധന, പ്രാദേശിക വിപണിയിൽ വിദേശ ഇടപെടൽ ഒഴിവാക്കുക, കൃഷിയുമായി ബന്ധപ്പെട്ട ഫയലുകൾ വേഗത്തിൽ തീർപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അധികാരത്തിലെത്തി ആദ്യമാസത്തിൽത്തന്നെ രാജ്യം പ്രക്ഷോഭഭൂമികയായത് പ്രധാനമന്ത്രി ഗബ്രിയേൽ അറ്റലിനെയും പ്രതിസന്ധിയിലാക്കി. അദ്ദേഹം പ്രഖ്യാപിച്ച ഏതാനും ആനുകൂല്യങ്ങൾ പര്യാപ്തമല്ലെന്ന് പറഞ്ഞ് കർഷക സംഘടനകൾ തള്ളി. ഉടൻ പാർലമെന്റിനെ അഭിസംബോധന ചെയ്യുമെന്നും കർഷകർക്ക് അനുകൂലമായ കൂടുതൽ പ്രഖ്യാപനങ്ങൾ ഉണ്ടാകുമെന്നും അറ്റൽ അറിയിച്ചിട്ടുണ്ട്.

# സി ആപ്റ്റ് കോഴ്സുകൾക്ക് ഫ്രാഞ്ചൈസികളെ ക്ഷണിച്ചു

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സി ആപ്റ്റ് മൾട്ടിമീഡിയ അക്കാഡമിയിൽ തൊഴിലധിഷ്ഠിത കോഴ്സുകളായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ, എയർപോർട്ട് ഓപ്പറേഷൻസ് ആൻഡ് ഹോസ്പിറ്റാലിറ്റി, ഹോട്ടൽ മാനേജ്മെന്റ്, കോർപ്പറേറ്റ് ഫിനാൻസ്, പി.ജി.ഡി.സി.എ, ഡി.സി.എ, ഡി.എഫ്.എഫ്.എ കോഴ്സുകളും സർട്ടിഫിക്കറ്റ് കോഴ്സുകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, പൈത്തോൺ, ടാലി, ഇ.എഫ് എക്സ്/എഡിറ്റ് എക്സ്പേർട്ട്, എം.എസ് ഓഫീസ് തുടങ്ങി 78 ഓളം കോഴ്സുകളും നടത്താൻ ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തുന്നു. അപേക്ഷകൾ 20 വരെ സ്വീകരിക്കും. പരീക്ഷാ നടത്തിപ്പും സർട്ടിഫിക്കറ്റ് നൽകലും സി ആപ്റ്റ് നിർവ്വഹിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471 2467728, 9847131115, 9778192644.

# ഡോ. വന്ദന കൊലപാതകം: സിബിഐ അന്വേഷണം ആവശ്യപ്പെട്ടുള്ള ഹർജി ഇന്ന് ഹൈക്കോടതിയിൽ

കൊച്ചി: വൈദ്യപരിശോധനയ്ക്ക് എത്തിച്ച പ്രതിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ഡോക്ടർ വന്ദന ദാസിൻറെ പിതാവ് മോഹൻ ദാസ് സമർപ്പിച്ച ഹർജി ഹൈക്കോടതി ഇന്നു പരിഗണിക്കും. വന്ദനയുടെ കൊലപാതകം സിബിഐ അന്വേഷിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

അന്വേഷണത്തിൽ വീഴ്ചയുണ്ടെന്നും കേസ് സിബിഐയ്ക്ക് കൈമാറണമെന്നുമാണ് വന്ദനയുടെ മാതാപിതാക്കൾ വ്യക്തമാക്കുന്നത്. ഹൈക്കോടതി സിംഗിൾ ബെഞ്ച് ഹർജിയിൽ വിശദമായ വാദം കേൾക്കും.

അതേസമയം, കുറ്റപത്രം നൽകിയ കേസിൽ സിബിഐ അന്വേഷണം ആവശ്യമില്ലെന്നാണ് സർക്കാർ നിലപാട് അറിയിച്ചത്. നിലവിലുള്ള അന്വേഷണം കാര്യക്ഷമമാണെന്നും സർക്കാർ കോടതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേസിലെ വിചാരണയ്ക്ക് സ്പെഷൽ പബ്ലിക് പ്രൊസിക്യൂട്ടറെ നിയമിക്കാമെന്ന് സർക്കാർ ഡോ. വന്ദനയുടെ മാതാപിതാക്കളെ അറിയിച്ചിരുന്നു.

മേയ് 10ന് ആയിരുന്നു കേസിനാസ്പദമായ സംഭവം. പോലീസുകാർ വൈദ്യപരിശോധനയ്ക്ക് കൊട്ടാരക്കര താലൂക്ക് ആശുപത്രി എത്തിച്ച പ്രതി പൂയപ്പള്ളി സ്വദേശി സന്ദീപ് ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോ. വന്ദന ദാസ് ഉൾപ്പെടെ അഞ്ചുപേരെ കുത്തുകയായിരുന്നു.

അക്രമത്തിൽ കഴുത്തിനും നെഞ്ചിനും കുത്തേറ്റ വന്ദനയെ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. സംഭവത്തിൽ പ്രതിയെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. പിന്നീട്, അന്വേഷണം ശാസ്ത്രീയമായി പൂർത്തീകരിച്ച് കേസിൽ കുറ്റപത്രം നൽകിയിരുന്നു.

## ഡൽഹി പൊലീസ് ട്രെയിനിങ് സ്കൂളിൽ തീപിടിത്തം: 450 വാഹനങ്ങൾ കത്തിനശിച്ചു

ന്യൂഡൽഹി: വസീറാബാദിലെ ഡൽഹി പൊലീസ് ട്രെയിനിങ് സ്കൂളിൽ തീപിടിത്തത്തിൽ യാർഡിൽ നിർത്തിയിട്ട 450ഓളം വാഹനങ്ങൾ കത്തിനശിച്ചു.

പൊലീസ് ട്രെയിനിങ് സ്കൂളിന്റെ പഴയ വാഹനങ്ങൾ സൂക്ഷിക്കുന്ന സ്റ്റോറേജ് ഏരിയയിലാണ് തീപിടിത്തമുണ്ടായത്. രാത്രി 12.30ഓടെയായിരുന്നു അപകടമെന്നാണ് വിലയിരുത്തൽ. വിവരം ലഭിച്ചയുടൻ എട്ട് ഫയർ എൻജിനുകൾ സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചിരുന്നില്ല. പിന്നീട് കൂടുതൽ ഫയർ എൻജിനുകൾ എത്തിച്ച് പുലർച്ചെ 4.30യോടെയാണ് തീ നിയന്ത്രണവിധേയമാക്കിയത്. തീപിടുത്തത്തിൽ 200 നാലു ചക്രവാഹനങ്ങളും 250 ഇരു ചക്ര വാഹനങ്ങളും കത്തി നശിച്ചതായും അധികൃതർ വ്യക്തമാക്കി. സംഭവത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## ഗുണ്ടാപോര്: എതിർഗ്യാംഗിൽപ്പെട്ടയാളെ ചുട്ടുകൊന്നു

ചണ്ഡിഗഡ്: ഹരിയാനയിൽ ഗുണ്ടാസംഘത്തിൽപ്പെട്ടയാളുടെ മൃതദേഹം കത്തിക്കരിഞ്ഞ നിലയിൽ കണ്ടെത്തി.അധോലോക നായകൻ ലോറൻസ് ബിഷ്ണോയിയുടെ സംഘാംഗമായ ഗുണ്ടാനേതാവ് രാജൻറെ മൃതദേഹമാണ് കണ്ടെത്തിയത്.

മൃതദേഹത്തിൻറെ കൈയും കാലും ബന്ധിച്ച നിലയിലാണെന്നും ശരീരത്തിൻറെ പല ഭാഗങ്ങളും കാണാനില്ലെന്നും പോലീസ് പറഞ്ഞു. കൊലപാതകത്തിൻറെ ഉത്തരവാദിത്വം ഗുണ്ടാനേതാവ് ദവീന്ദർ ബാംബിഹ ഏറ്റെടുത്തു. ലഡ്വ സ്വദേശിയായ രാജൻ വെടിവയ്പ്പ് ഗുണ്ടാ പോര് ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയാണ്.

കത്തിക്കരിഞ്ഞ മൃതദേഹം രാജൻറെ ബന്ധുവാണു തിരിച്ചറിഞ്ഞത്. ഏറെനാളുകളായി ഇയാൾ കുടുംബവുമായി അകന്നു കഴിയുകയാണെന്ന് മൃതദേഹം തിരിച്ചറിഞ്ഞയാൾ പോലീസിൽ മൊഴി നൽകി.

## ഭർത്താവ് മരിച്ച യുവതിയുടെ 32 ആഴ്ചയായ ഗർഭം അലസിപ്പിക്കാനുള്ള അപേക്ഷ തള്ളി സുപ്രീംകോടതി

ന്യൂഡൽഹി: ഒക്ടോബറിൽ ഭർത്താവ് മരിച്ച 26കാരിയുടെ 32 ആഴ്ചയായ ഗർഭം അലസിപ്പിക്കാനുള്ള അപേക്ഷ സുപ്രീംകോടതി തള്ളി. ഗർഭസ്ഥശിശുവിന് പ്രശ്നങ്ങളുള്ളതായി മെഡിക്കൽ ബോർഡ് കണ്ടെത്തിയിട്ടില്ലെന്ന് സുപ്രീംകോടതി പറഞ്ഞു.

മുപ്പത്തിരണ്ട് ആഴ്ചയായ ഗർഭം അലസിപ്പിക്കാനാവില്ലെന്നാണ് മെഡിക്കൽ ബോർഡ് പറയുന്നത്. രണ്ടാഴ്ചത്തെ പ്രശ്നമേയുള്ളുവെന്നും അത് കഴിഞ്ഞാൽ ദത്ത് നൽകിക്കൂടേയെന്നും ജസ്റ്റിസ് ബേല എം. ത്രിവേദി അധ്യക്ഷയായ ബെഞ്ച് ചോദിച്ചു.

യുവതി പ്രസവിക്കുകയാണെങ്കിൽ അത് അവരുടെ ഇഷ്ടത്തോടെയായിരിക്കില്ലെന്നും ജീവിതത്തിലുടനീളം അവർക്കത് പ്രശ്നമുണ്ടാക്കുമെന്നും ഹർജിക്കാരിക്ക് വേണ്ടി അഡ്വ. അമിത് മിശ്ര വാദിച്ചു. എന്നാൽ, ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചാണ് ഹൈക്കോടതി അപേക്ഷ തള്ളിയതെന്നും മെഡിക്കൽ ബോർഡിന്റെ അഭിപ്രായമേ പരിഗണിക്കാനാകൂവെന്നും സുപ്രീംകോടതി വ്യക്തമാക്കി.

## സ്ത്രീയുടെ സമ്മതം വ്യാജവാഗ്ദാനത്തിലൂടെ നേടിയതാണെങ്കിൽ ബലാത്സംഗ കുറ്റം നിലനിൽക്കും സുപ്രീംകോടതി

ന്യൂഡൽഹി: സ്ത്രീയുടെ സമ്മതം വ്യാജ വിവാഹ വാഗ്ദാനത്തിലൂടെ നേടിയതാണെങ്കിൽ ബലാത്സംഗക്കുറ്റം നിലനിൽക്കുമെന്ന് ആവർത്തിച്ച് സുപ്രീംകോടതി. വ്യാജ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീ സമ്മതം നൽകിയതെങ്കിൽ അതിനെ സമ്മതമായി കണക്കാക്കാനാവില്ലെന്നും ജസ്റ്റിസ് എ.എസ്. ഓക അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

തനിക്കെതിരായ ബലാത്സംഗക്കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബോംബെ ഹൈക്കോടതി വിധിക്കെതിരേ പ്രതി നൽകിയ അപ്പീലാണ് സുപ്രീംകോടതി പരിഗണിച്ചത്. ഈ കേസിൽ പരാതിക്കാരിയെ വിവാഹം കഴിച്ചതിന്റെ തെളിവുകൾ കൂടി ഹാജരാക്കിയതിനാൽ പ്രതിക്കെതിരായ കേസ് നിലനിൽക്കില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. വിവാഹ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നാല് വർഷം സ്ത്രീയുമായി പ്രതി ബന്ധം തുടർന്നുവെന്നാണ് കേസ്. പ്രതി മറ്റൊരു സ്ത്രീയുമായി വിവാഹ നിശ്ചയം നടത്തിയതിന്റെ ചിത്രങ്ങൾ 2018ൽ കണ്ടതിനേത്തുടർന്നാണ് പരാതി നൽകിയത്.

അതേസമയം, പരാതിക്കാരിയെ താൻ 2017ൽ വിവാഹം കഴിച്ചിരുന്നുവെന്ന് വ്യക്തമാക്കി 'നിക്കാഹനാമ'യുടെ കോപ്പി പ്രതി ഹാജരാക്കി. ഇത് പരിശോധിച്ച് ബോധ്യപ്പെട്ട സുപ്രീംകോടതി, പരാതിക്കാരിക്ക് 18 വയസ്സ് തികഞ്ഞിരുന്നുവെന്നും നാല് വർഷത്തെ ബന്ധവും സമ്മതപ്രകാരമായിരുന്നുവെന്നും കണ്ടെത്തി. തുടർന്ന് പ്രതിക്കെതിരേ കേസ് തുടരേണ്ടതില്ലെന്ന് സുപ്രീംകോടതി വിധിച്ചു.

## അസിസ്റ്റന്റ് മാനേജർ കരാർ നിയമനം

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിൽ കുമിളിയിൽ പ്രവർത്തിക്കുന്ന ഹോളിഡേ ഹോമിൽ അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് ഉദ്യോഗാർഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത ഹോട്ടൽ മാനേജ്മെന്റ് ബിരുദം അല്ലെങ്കിൽ ഡിപ്ലോമ. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവും കമ്പ്യൂട്ടർ പരിജ്ഞാനവും അഭിലഷണീയം. കരാർ അടിസ്ഥാനത്തിൽ ആയിരിക്കും നിയമനം. അവസാന തീയതി 2024 ഫെബ്രുവരി 15. കൂടുതൽ വിവരങ്ങൾക്ക് www.labourwelfarefund.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# അലിഗഢ് സർവ്വകലാശാല സ്ഥാപിച്ചത് മുസ്ലിങ്ങൾക്ക് വേണ്ടിയെന്ന് മറക്കരുത് സുപ്രീം കോടതി

ന്യൂഡൽഹി: അലിഗഢ് മുസ്ലിം സർവകലാശാല സ്ഥാപിച്ചത് മുസ്ലിങ്ങൾക്ക് വേണ്ടിയാണെന്നത് മറക്കരുതെന്ന് സുപ്രീംകോടതി. അലിഗഢിന്റെ ന്യൂനപക്ഷ പദവി സംബന്ധിച്ച കേസിൽ വാദം കേൾക്കുന്ന ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ഏഴംഗ ഭരണഘടനാ ബെഞ്ചാണ് ഇക്കാര്യം വാക്കാൽ നിരീക്ഷിച്ചത്. ന്യൂനപക്ഷ സ്ഥാപനത്തേയും ദേശീയ പ്രാധാന്യമുള്ളതായി പ്രഖ്യാപിക്കാൻ പാർലമെന്റിന് സാധിക്കുമെന്നും ബെഞ്ച് ചൂണ്ടിക്കാട്ടി.

മുസ്ലീങ്ങളുടെ ന്യൂനപക്ഷ അവകാശങ്ങൾ അപകടത്തിലാണെന്നത് തീർത്തും തെറ്റായ വാദമാണെന്ന് കേസിലെ എതിർകക്ഷികൾക്കുവേണ്ടി മുതിർന്ന അഭിഭാഷകൻ നീരജ് കിഷൻ കൗൾ പറഞ്ഞു. ഇവിടെ എല്ലാ പൗരൻമാരും തുല്യരാണെന്നും സംവരണം ഉൾപ്പെടെയുള്ള അവകാശങ്ങൾ എടുത്തുകളഞ്ഞിട്ടില്ലെന്നും അദ്ദേഹം വാദിച്ചു.

ഇതിനിടെ, ഛത്തീസ്ഗഢ് ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന മുതിർന്ന അഭിഭാഷകൻ യതീന്ദർ സിങ്ങിന്റെ വാദം വ്യക്തികളിലേക്ക് കടന്നപ്പോഴാണ് സുപ്രീം കോടതി താക്കീത് നൽകിയത്. മുസ്ലീങ്ങൾ മതന്യൂനപക്ഷമല്ലെന്നും തിരഞ്ഞെടുപ്പ് ഫലം നിയന്ത്രിക്കാനാവുന്ന ജനവിഭാഗമാണെന്നും വാദിക്കവേയാണ് യതീന്ദർ സിങ് വിവാദ പരാമർശങ്ങളിലേക്ക് കടന്നത്.

ബിന്ദ്രൻവാല (ഖലിസ്താൻ വിഘടനവാദി നേതാവ്) ഇന്ദിരാഗാന്ധിയുടെ സൃഷ്ടിയാണെങ്കിൽ ഒവൈസി (മജ്ലിസ് പാർട്ടി നേതാവ്) ബി.ജെ.പി.യുടെ സൃഷ്ടിയാണെന്നാണ് സിങ് പറഞ്ഞത്. ഉടൻ സുപ്രീം കോടതി ഇടപെടുകയായിരുന്നു. രാഷ്ട്രീയ വ്യക്തിത്വങ്ങളേക്കുറിച്ച് പരാമർശിക്കേണ്ടില്ലെന്നും ഭരണഘടനാ നിയമങ്ങളിലേക്ക് വാദം ഒതുക്കാനും ചീഫ് ജസ്റ്റിസ് ആവശ്യപ്പെട്ടു. അലിഗഢ് കേസിലെ ഏഴാം ദിവസത്തെ വാദമാണ് ബുധനാഴ്ച നടന്നത്. വ്യാഴാഴ്ചയും വാദം തുടരും. അലിഗഢ് കേന്ദ്ര സർവകലാശാലയാണെന്നും അതിന് ന്യൂനപക്ഷ പദവി കൽപ്പിച്ചുനൽകാനാവില്ലെന്നും 1968ൽ സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് വിധിച്ചിരുന്നു. എന്നാൽ, 1981ൽ കേന്ദ്ര സർക്കാർ നിയമഭേദഗതിയിലൂടെ അലിഗഢിന് ന്യൂനപക്ഷ പദവി നൽകിയെങ്കിലും 2006ൽ അലഹബാദ് ഹൈക്കോടതി അത് റദ്ദാക്കി. അതിനെതിരായ അപ്പീലുകൾ പരിഗണിക്കവേ 2019ലാണ് സുപ്രീംകോടതി വിഷയം ഏഴംഗ ബെഞ്ചിലേക്ക് വിട്ടത്.

# കേരളത്തിൽ എൽഡിഎഫും യുഡിഎഫും ഒരു തട്ടിൽ; ഏകപ്രതിപക്ഷം ഗവർണറെന്ന് പി. സി. ജോർജ്

ന്യൂഡൽഹി: കേരളത്തിൽ എൽഡിഎഫും യുഡിഎഫും ഒരു തട്ടിൽ തന്നെയാണെന്ന് കേരള ജനപക്ഷം സെക്കുലർ അധ്യക്ഷൻ പി. സി. ജോർജ്. കേരളത്തിലെ ജനങ്ങൾക്ക് ജീവിക്കണമെങ്കിൽ പ്രധാനമന്ത്രിയുടെ ഔദാര്യം വേണ്ട സ്ഥിതിയായിട്ടുണ്ടെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു

കേരളത്തിൽ മഹകൊള്ളക്കാരനായ ഒരാൾ മുഖ്യമന്ത്രിയായി ഇരിക്കുന്നു. ആ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നത് കോൺഗ്രസുകാരാണ്. ആ കൊള്ളക്കാരൻറെ ബി ടീമായിട്ട് വി. ഡി. സതീശനും. വ്യക്തിപരമായി സതീശനെ തനിക്കിഷ്ടമാണ്. പക്ഷേ, രാഷ്ട്രീയമായി നോക്കുന്പൊ വലിയ കുഴപ്പമാണെന്നും അദ്ദേഹം പറഞ്ഞു.

ഇപ്പോൾ കേരളത്തിൽ ആകെ ഒരു പ്രതിപക്ഷമേ ഉള്ളൂ. അത് നമ്മുടെ ഗവർണർ ആണെന്നും ജോർജ് പറഞ്ഞു.

ശബരിമലയിൽ സ്ത്രീകൾ പ്രവേശിക്കുന്നത് ആദ്യമായി എതിർത്തത് താനാണ്. അന്ന് താൻ ഒറ്റയ്ക്കായിരുന്നു. പിന്നീട് ആയിരക്കണക്കിന് അയ്യപ്പന്മാർ തൻറെ കൂട്ടത്തിൽ കൂടി. അന്ന് ആദ്യമായി സഹായത്തിനെത്തിയത് കെ. സുരേന്ദ്രനാണ്. അന്ന് മുതലുള്ള ബന്ധമാണ് സുരേന്ദ്രനുമായി ഉള്ളതെന്നും ജോർജ് പറഞ്ഞു.

ലോക്സഭാ തെരഞ്ഞെടുപ്പിൽ പത്തനംതിട്ടയിൽ മത്സരിക്കുമോ എന്ന ചോദ്യത്തിന് അറിയില്ല എന്നായിരുന്നു ജോർജിൻറെ മറുപടി. മത്സരിക്കണമെന്ന നിർബന്ധബുദ്ധിയുമായല്ല താൻ നിൽക്കുന്നത്. ബിജെപി നേതൃത്വം എന്ത് പറയുന്നോ അത് കേൾക്കുമെന്നും ജോർജ് വ്യക്തമാക്കി. പി. സി. ജോർജ് ബിജെപിയിൽ ചേരുന്നതായി നേരത്തെ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ലോക്സഭാ സീറ്റുമായി ബന്ധപ്പെട്ട് ബിജെപി കേന്ദ്ര നേതൃത്വവുമായി ജോർജ് ഡൽഹിയിൽ ചർച്ച നടത്തുന്നുണ്ട്.

## ഗ്യാൻവാപി പള്ളിയിൽ പൂജ; അലഹബാദ് ഹൈക്കോടതിയിൽ അപ്പീൽ നൽകി പള്ളികമ്മിറ്റി

ന്യൂഡൽഹി: വാരണാസിയിലെ ഗ്യാൻവാപി പള്ളിയിൽ പൂജ നടത്താനുള്ള ജില്ലാ കോടതി അനുമതിക്കെതിരെ പള്ളിക്കമ്മറ്റി അലഹബാദ് ഹൈക്കോടതിയിൽ അപ്പീൽ നൽകി.

വ്യാഴാഴ്ചയാണ് പള്ളികമ്മിറ്റി ഹൈക്കോടതിയെ സമീപിച്ചത്. ജില്ല കോടതിയുടെ ഉത്തരവിൽ അടിയന്തര വാദം കേൾക്കണമെന്നാണ് പള്ളികമ്മിറ്റിയുടെ ആവശ്യം. അതേസമയം, ഹിന്ദു വിഭാഗം തടസ ഹർജിയുമായി അലഹബാദ് ഹൈക്കോടതിയെ സമീപിച്ചു.

നേരത്തെ, ജില്ലാ കോടതി ഉത്തരവിനെതിരെ പള്ളിക്കമ്മറ്റി സുപ്രീംകോടതിയിൽ നൽകിയ ഹർജിക്ക് അനുമതി ലഭിച്ചിരുന്നില്ല. ഹൈക്കോടതിയെ സമീപിക്കാനായിരുന്നു കോടതിയുടെ നിർദേശം. പിന്നാലെയാണ് ഹൈക്കോടതിയിൽ അപ്പീൽ നൽകിയത്.

അതേസമയം ജില്ല കോടതി ഉത്തരവ് പ്രകാരം ഹിന്ദു വിഭാഗം ഇന്ന് ഗ്യാൻവാപി പള്ളിയിൽ പൂജ നടത്തിയിരുന്നു.

## ഇന്ത്യയുടെ സ്വന്തം ലക്ഷദ്വീപ്; സൗകര്യങ്ങൾ മെച്ചപ്പെടുത്തുമെന്ന് കേന്ദ്രധനമന്ത്രി

ന്യൂഡൽഹി: രാജ്യത്തെ ആഭ്യന്തര ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്ന് കേന്ദ്രധനമന്ത്രി നിർമല സീതാരാമൻ. ലക്ഷദ്വീപ് ഉൾപ്പെടെയുള്ള രാജ്യത്തെ ദ്വീപുകളുടെ വികസനത്തിനായി പ്രത്യേക സഹായങ്ങൾ നൽകും. ലക്ഷദ്വീപിലെ ടൂറിസം മേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്നും മന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചു.

കടൽ വിമാന മാർഗങ്ങളിലൂടെയാണ് ലക്ഷദ്വീപിലേക്ക് സഞ്ചാരികളെത്തുന്നത്. അതിനാൽ തുറമുഖമേഖലയിലെ വികസനത്തിന് കേന്ദ്രസർക്കാർ ഊന്നൽ നൽകും. സഞ്ചാരികൾക്ക് മികച്ച സഞ്ചാരാനുഭവം നൽകുന്നതിനായി ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും. 11 ലക്ഷം കോടിയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരിക്കുന്നതെന്നും ധനമന്ത്രി പറഞ്ഞു.

മാലദ്വീപുമായുള്ള നയതന്ത്ര തർക്കത്തിനുപിന്നാലെയാണ് ലക്ഷദ്വീപിലെ ടൂറിസത്തിനു കേന്ദ്രസർക്കാർ ശ്രദ്ധനൽകുന്നത്.

# ഭിന്നശേഷി സംവരണം : ആർക്കും കുറവ് വരില്ലെന്ന് മന്ത്രി

തിരുവനന്തപുരം: പിഎസ്സി മുഖേനയുള്ള നിയമനങ്ങളിൽ മുസ്ലിം വിഭാഗത്തിനോ മറ്റേതെങ്കിലും മതവിഭാഗത്തിനോ നിലവിലുള്ള സംവരണത്തിൽ ഒരു കുറവും വരാത്ത രീതിയിൽ മാത്രമേ ഭിന്നശേഷി സംവരണം നടപ്പാക്കൂ എന്നതാണ് സർക്കാരിന്റെ നിലപാടെന്ന് ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു. ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുമ്പോൾ ഏതെങ്കിലും വിഭാഗത്തിന് അർഹമായ സാമുദായിക സംവരണം കുറവ് വരുത്തുമെന്ന പ്രചാരണം തികച്ചും അടിസ്ഥാനരഹിതമാണ്. ഇക്കാര്യത്തിൽ ഒരു സംവരണ വിഭാഗത്തിനും ആശങ്ക ഉണ്ടാകേണ്ടതില്ലെന്നും പി കെ കുഞ്ഞാലിക്കുട്ടി ഉന്നയിച്ച ഉപക്ഷേപത്തിന് മറുപടി നൽകവെ മന്ത്രി വ്യക്തമാക്കി.

ഭിന്നശേഷിക്കാർക്ക് അർഹമായ സംവരണം ഉറപ്പുവരുത്തുമ്പോൾ നിലവിലുള്ള സാമുദായികസംവരണ തോതിൽ ഒരു കുറവും വരാതെ നടപ്പാക്കാൻ! സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിലവിൽ നാലു ശതമാനം ഭിന്നശേഷിസംവരണം ഔട്ട് ഓഫ് ടേൺ ആയാണ് പിഎസ്സി നടപ്പാക്കുന്നത്. നിലവിലുള്ള സാമുദായിക സംവരണത്തെ ഇത് ബാധിക്കുന്നില്ല. സുപ്രീം കോടതി വിധിപ്രകാരം ഭിന്നശേഷി സംവരണം ഇൻ ടേൺ ആയി നടപ്പാക്കേണ്ടതുണ്ട്. ഇതിന് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയാലേ കഴിയൂ. ഇക്കാര്യം പിഎസ്സിയും സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്, നിയമവകുപ്പ് എന്നീ വകുപ്പുകളുമായി കൂടിയാലോചനകൾ നടത്തിയശേഷം പിഎസ്സിയുടെ ഉപദേശം തേടിയിരിക്കുകയാണ്.

ഇപ്രകാരം ഇൻ ടേൺ ആയി ഭിന്നശേഷി സംവരണം നടപ്പാക്കുമ്പോൾ ചട്ടഭേദഗതി പ്രാബല്യത്തിൽ വരും. ഈ വിഷയത്തിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഉത്തരവിന് പിന്നെ പ്രസക്തിയുണ്ടാകില്ല. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ വ്യക്തതയുണ്ടാക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ച് വരികയാണെന്ന് മന്ത്രി ഡോ. ബിന്ദു വ്യക്തമാക്കി.

# എപിപിയുടെ ആത്മഹത്യയിൽ അന്വേഷണം ഊർജിതം

തിരുവനന്തപുരം: കൊല്ലം പരവൂർ മുൻസിഫ് മജിസ്ട്രേട്ട് കോടതിയിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറായിരുന്ന അനീഷ്യ ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം ഊർജിതമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംഭവത്തിൽ ആരോപണവിധേയരായ കൊല്ലം പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടർ അബ്ദുൾ ജലീൽ, പരവൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ശ്യാംകൃഷ്ണ കെ ആർ എന്നിവരെ അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജി എസ് ജയലാലിന്റെ ഉപക്ഷേപത്തിന് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി.

സംഭവത്തിൽ പരവൂർ പൊലീസ് സ്റ്റേഷനിൽ ഐപിസി 174 വകുപ്പ് പ്രകാരം ക്രൈം നം. 119/2024 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. തുടർന്ന് അന്വേഷണം കൊല്ലം ജില്ലാ ക്രൈം ബ്രാഞ്ചിന് കൈമാറി. കൊല്ലം ക്രൈം ബ്രാഞ്ച് അസിസ്റ്റന്റ് കമ്മിഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘമാണ് അന്വേഷണം നടത്തിവരുന്നത്.

ഡയറിക്കുറിപ്പിലെയും ശബ്ദരേഖയിലെയും ആരോപണങ്ങളെ സംബന്ധിച്ച് ശാസ്ത്രീയ പരിശോധന നടത്തുന്നതിനുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു.

## വ്യാജ ജാതി സർട്ടിഫിക്കറ്റ് കേസ്: സുപ്രീം കോടതി പരിഗണിക്കും

ന്യൂഡൽഹി: വ്യാജ ജാതി സർട്ടിഫിക്കറ്റ് കേസിൽ ഡിവിഷൻ ബെഞ്ച് വിധി സിംഗിൾ ബെഞ്ച് റദ്ദാക്കിയ സംഭവത്തിൽ നടപടിക്രമങ്ങൾ സുപ്രീം കോടതിയിലേക്ക് മാറ്റി. ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ബി ആർ ഗവായ്, സൂര്യ കാന്ത്, അനിരുദ്ധ ബോസ് എന്നിവരടങ്ങിയ ബെഞ്ച് സ്വമേധയാ എടുത്ത കേസിലാണ് ഉത്തരവ്.

ജസ്റ്റിസ് സൗമൻ സെന്നിന്റെ നേതൃത്വത്തിലെ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് റദ്ദാക്കി ജസ്റ്റിസ് അഭിജിത് ഗംഗോപാധ്യായ ഉത്തരവ് പുറപ്പെടുവിച്ചതോടെയായിരുന്നു സുപ്രീം കോടതിയുടെ ഇടപെടൽ. ജസ്റ്റിസുമാരായ ഗംഗോപാധ്യായയും സൗമൻ സെന്നും തുടർന്നും ഇത്തരം നടപടികളിലേക്ക് ക!ടന്നാൽ അത് ഹൈക്കോടതിയുടെ അന്തസിനെ ബാധിക്കുമെന്ന് ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അഭിപ്രായപ്പെട്ടു. കേസ് സുപ്രീം കോടതി പരിഗണിക്കുമെന്നും കുറച്ചു നാളുകൾക്ക് ശേഷം ലിസ്റ്റ് ചെയ്യുമെന്നും പരമോന്നത കോടതി അറിയിച്ചു.

ജസ്റ്റിസ് ഗംഗോപാധ്യായ ഇത്തരം നടപടികൾ തുടരുകയാണെന്ന് പശ്ചിമ ബംഗാൾ സർക്കാരിനു വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കപിൽ സിബൽ കോടതിയെ അറിയിച്ചു. പട്ടിക ജാതി/പട്ടിക വർഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി മുതിർന്ന അഭിഭാഷകൻ കെടിഎസ് തുളസി ഹാജരായി.

## യുജിസിയുടെ സംവരണ അട്ടിമറിക്കെതിരെ വിദ്യാർത്ഥി പ്രക്ഷോഭം

ന്യൂഡൽഹി: രാജ്യത്തെ സർവകലാശാലകളിലെ ഫാക്കൽറ്റി നിയമനത്തിൽ സംവരണം അട്ടിമറിക്കാനുള്ള

യുണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ (യുജിസി) തീരുമാനത്തിനെതിരെ വിദ്യാർത്ഥികളുടെ പ്രതിഷേധം.

സംവരണം അനുസരിച്ച് വിജ്ഞാപനം ചെയ്ത അധ്യാപക നിയമനത്തിൽ മതിയായ പട്ടികജാതി പട്ടിക വർഗ മറ്റ് പിന്നാക്ക പ്രാതിനിധ്യം ഇല്ലെങ്കിൽ ആ സീറ്റിൽ ജനറൽ വിഭാഗത്തെ നിയമിക്കാനുള്ള യുജിസി തീരുമാനം ഏറെ വിവാദമായിരുന്നു. യുജിസി ആസ്ഥാനത്ത് വിദ്യാർത്ഥി സംഘടനകൾ പ്രതിഷേധ സമരം സംഘടിപ്പിച്ചു. സംവരണതത്വം ലംഘിക്കുന്ന നടപടി കേന്ദ്ര സർക്കാരിന്റെ അജണ്ട അനുസരിച്ചാണ് യുജിസി നടപ്പിലാക്കുന്നതെന്ന് സംഘടനകൾ ആരോപിച്ചു. ദളിത് പിന്നാക്ക വിഭാഗത്തെ ദോഷകരമായി ബാധിക്കുന്ന നിയമം പിൻവലിക്കണമെന്നും വിദ്യാർത്ഥി സംഘടനാ നേതാക്കൾ പറഞ്ഞു. എഐഎസ്എഫ്, എസ്എഫ്ഐ, ക്രാന്തികാരി യുവ സംഘാതൻ, ഐസ, ഡിഎസ് യു എന്നീ സംഘടനകളുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധ സമരം.

## ഹിന്ദു ദൈവങ്ങളിൽ വിശ്വസിക്കരുത് വിദ്യാർത്ഥികളെ കൊണ്ട് പ്രതിജ്ഞ എടുപ്പിച്ചു; പ്രധാന അധ്യാപകൻ അറസ്റ്റിൽ

റായ്പൂർ: അയോധ്യയിലെ പ്രാണപ്രതിഷ്ഠാദിനത്തിൽ ഹിന്ദു ദൈവങ്ങളിൽ വിശ്വസിക്കരുതെന്നും ബുദ്ധമതം സ്വീകരിക്കണമെന്നും വിദ്യാർത്ഥികളെ കൊണ്ട് പ്രതിജ്ഞയെടുപ്പിച്ച സർക്കാർ സ്കൂളിലെ പ്രധാന അധ്യാപകൻ അറസ്റ്റിൽ. മതവികാരം വ്രണപ്പെടുത്തിയെന്ന പരാതിയിലാണ് അറസ്റ്റ്. ഛത്തീസ്ഗഢ് ബിലാസ്പൂരിലാണ് സംഭവം.

ഈ മാസം 22നാണ് ഭരാരി ഗ്രാമത്തിലെ പ്രൈമറി സ്കൂളിലെ പ്രധാന അധ്യാപകൻ കുട്ടികളെയും ഒരുകൂട്ടം ആളുകളെയും കൊണ്ട് പ്രതിജ്ഞയെടുപ്പിച്ചത്. ഇതിന് പിന്നാലെ അധ്യാപകനെ ജില്ലാ വിദ്യാഭ്യാസ ഓഫിസർ സസ്പെൻഡ് ചെയ്തിരുന്നു. ശിവൻ, രാമൻ, കൃഷ്ണൻ തുടങ്ങിയ ഹിന്ദു ദൈവങ്ങളെ ആരാധിക്കരുതെന്നും ബുദ്ധമതം പിന്തുടരണമെന്നുമായിരുന്നു പ്രതിജ്ഞ ചൊല്ലിപ്പിച്ചതെന്ന് പരാതിയിൽ പറയുന്നു. രൂപേഷ് ശുക്ലയെന്നയാളുടെ പരാതിയിലാണ് നടപടിയെന്നും പൊലീസ് അറിയിച്ചു. അധ്യാപകൻ പ്രതിജ്ഞ ചൊല്ലിക്കുന്ന വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു.

## ഛത്തിസ്ഗഡിൽ നിർത്തിയിട്ട വാഹനത്തിൽ നിന്ന് രണ്ടര കോടി രൂപ പിടിച്ചെടുത്തു

ദുർഗ്: വഴിയരുകിൽ നിർത്തിയിട്ടിരുന്ന കാറിൽനിന്ന് 2.64 കോടി രൂപ പോലീസ് പിടിച്ചെടുത്തു. ഛത്തിസ്ഗഡിലെ ദുർഗ് ജില്ലയിൽ ബുധനാഴ്ചയാണ് സംഭവം. സെക്ടർ1 പ്രദേശത്തെ ബാങ്കിന് മുന്നിൽ സംശയാസ്പതമായ നിലയിൽ വാഹനം നിർത്തിയിട്ടിരിക്കുന്നതായി പോലീസിന് വിവരം ലഭിച്ചിരുന്നു. തുടർന്ന് നടത്തിയ പരിശോധനയിലാണ് വാഹനത്തിനുള്ളിൽ നിന്ന് പണവുമായി മൂന്ന് പേർ പിയിയിലായത്. ശേഷം നടത്തിയ ചോദ്യംചെയ്യലിൽ വാഹനത്തിനുള്ളിൽ നിന്ന് കണ്ടെത്തിയ പണത്തെ കുറിച്ച് കൃത്യമായ വിശദീകരണങ്ങൾ ഇവർ നൽകിയില്ല എന്നും പോലീസ് പറഞ്ഞു. സംഭവത്തിൽ ഇൻകംടാക്സ് ഉദ്യോഗസ്ഥരെ വിവരമറിയിച്ചിട്ടുണ്ട്. മൂന്ന് പ്രതികളെയും വിശദമായി ചോദ്യംചെയ്ത് വരികയാണെന്ന് അന്വേഷണ സംഘം അറിയിച്ചു.

## ധാരാളം തൊഴിൽ അവസരങ്ങൾ; ഇടക്കാല ബജറ്റിനെ പ്രശംസിച്ച് പ്രധാനമന്ത്രി

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള തൻറെ സർക്കാരിൻറെ അവസാന ബജറ്റിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. അടിസ്ഥാന സൗകര്യ വികസനത്തിനു മാത്രമല്ല യുവാക്കൾക്ക് എണ്ണമറ്റ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ബജറ്റ് സഹായിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ധനമന്ത്രി നിർമല സീതാരാമൻ 2024 ലെ ഇടക്കാല ബജറ്റ് അവതരിപ്പിച്ചതിനുശേഷമായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം. യുവ ഭാരതത്തിൻറെ യുവാഭിലാഷങ്ങളെയാണ് ബജറ്റ് പ്രതിഫലിപ്പിക്കുന്നത്.40, 000 റെയിൽവേ കോച്ചുകൾ വന്ദേ ഭാരത് നിലവാരത്തിലേക്ക് ഉയർത്താനുള്ള തീരുമാനവും പ്രധാനമന്ത്രി ഉയർത്തിക്കാട്ടി. ഇത് വിവിധ റെയിൽവേ റൂട്ടുകളിലെ കോടിക്കണക്കിനു യാത്രക്കാർക്ക് സുഖകരമായ യാത്ര ആസ്വദിക്കാൻ ഇടയാക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗ്രാമങ്ങളിലും നഗരങ്ങളിലും പാവപ്പെട്ടവർക്കായി നാല് കോടിയിലധികം വീടുകൾ നിർമിച്ചുവെന്നും ഇപ്പോൾ രണ്ട് കോടി വീടുകൾ കൂടി നിർമിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കേരളത്തിന് 23,481 കോടി ; യുപിക്ക് 2.19 ലക്ഷം കോടി

ന്യൂഡൽഹി : വിവിധ കേന്ദ്രനികുതികളുടെയും തീരുവകളുടെയും വിഹിതമായി 2024 25 വർഷത്തിൽ കേരളത്തിന് ലഭിക്കുക 23480.81 കോടി രൂപ. കേന്ദ്രം നികുതിയായി ആകെ സമാഹരിക്കുന്ന തുകയുടെ 1.92 ശതമാനം മാത്രമാണ് കേരളത്തിന് വിഹിതമായി ലഭിക്കുക. 13 ാം ധന കമീഷൻ കാലയളവിൽ കേന്ദ്ര നികുതി വരുമാനത്തിന്റെ 3.875 ശതമാനം കേരളത്തിന് വിഹിതമായി ലഭിച്ചിരുന്നു. 14 ാം ധന കമീഷൻ കേരളത്തിന്റെ നികുതി വിഹിതം 2.5 ശതമാനമായും 15 ാം ധന കമീഷൻ 1.92 ശതമാനമായും വെട്ടിക്കുറയ്ക്കുകയായിരുന്നു. 13 ാം ധന കമീഷൻ കാലയളവിലെ 3.87 ശതമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു കേരളത്തിന്റെ നികുതി വിഹിതമെങ്കിൽ അമ്പതിനായിരം കോടി രൂപയ്ക്കടുത്ത് സംസ്ഥാനത്തിന് ലഭിക്കുമായിരുന്നു. കേരളത്തിന് 23,481 കോടി രൂപമാത്രം കേന്ദ്ര നികുതിവിഹിതമായി ലഭിക്കുമ്പോൾ യുപിക്ക് 2.19 ലക്ഷം കോടി രൂപയും ബിഹാറിന് 1.23 ലക്ഷം കോടി രൂപയുമാണ് കേന്ദ്രത്തിൽനിന്ന് വിഹിതമായി ലഭിക്കുക.

കോർപറേറ്റ് നികുതി വിഹിതമായി 7373.76 കോടി രൂപയാണ് കേരളത്തിന് ലഭിക്കുക. വരുമാന നികുതിയിനത്തിൽ 8125.02 കോടിയും കേന്ദ്ര ജിഎസ്ടി ഇനത്തിൽ 7178.75 കോടിയും കസ്റ്റംസ് നികുതി വിഹിതമായി 479.14 കോടി രൂപയും എക്സൈസ് വിഹിതമായി 286.5 കോടിയും സേവന നികുതിയിനത്തിൽ 0.79 കോടി രൂപയും മറ്റ് നികുതി ഇനങ്ങളിലായി 37.09 കോടി രൂപയുമാണ് കേരളത്തിന് ലഭിക്കുക. പുതുക്കിയ കണക്കുകൾ പ്രകാരം 2023 24 വർഷത്തിൽ 21261.54 കോടി രൂപയാണ് കേന്ദ്ര നികുതിവിഹിതമായി കേരളത്തിന് ലഭിക്കുക. 2022 23 വർഷത്തിൽ 18714 .94 കോടി രൂപയാണ് കേരളത്തിന് നികുതി വിഹിതമായി ലഭിച്ചിരുന്നത്.

**കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക**

കൊച്ചി തുറമുഖ ട്രസ്റ്റ് 77.57 കോടി
കൊച്ചി കപ്പൽശാല 355 കോടി
എഫ്എസിടി 303.25 കോടി
എച്ച്എൽഎൽ ലൈഫ്കെയർ 15 കോടി
നാളികേര വികസന ബോർഡ് 35 കോടി
കയർ വികസന പദ്ധതി 26 കോടി
നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് 13.36 കോടി
രാജീവ് ഗാന്ധി ബയോടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് 133 കോടി
വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് 129 കോടി
വിവിധ ഐസറുകൾക്കായി 749 കോടി
റബർ ബോർഡ് 244.29 കോടി
കോഫി ബോർഡ് 226.20 കോടി, ടീബോർഡ് 131 കോടി
സ്പൈസസ് ബോർഡ് 115.5 കോടി
കേരള ഖരമാലിന്യ സംസ്കരണ പദ്ധതി 174.73 കോടി
വിദേശ സഹായത്തോടെയുള്ള റസിലിയന്റ് കേരള 208.01 കോടി



# ഹൈദരാബാദ് യാത്രയ്ക്ക് തിരിച്ചടി; റാഞ്ചിയിലെ വിമാന സർവീസുകൾ റദ്ദാക്കി

റാഞ്ചി : ജാർഖണ്ഡിൽ അട്ടിമറി നീക്കം സംശയിച്ച് ജെഎംഎംകോൺഗ്രസ്ആർജെഡി എംഎൽഎമാർ ഹൈദരാബാദിലേക്ക് പോകാൻ റാഞ്ചി വിമാനത്താവളത്തിൽ എത്തിയെങ്കിലും ഫലമുണ്ടായില്ല. ഹൈദരാബാദിലേക്കു പോകാനുള്ള എംഎൽഎമാരുടെ നീക്കത്തിനു തിരിച്ചടിയായി റാഞ്ചിയിലെ സിർസ മുണ്ട വിമാനത്താവളത്തിൽനിന്നുള്ള വിമാനങ്ങൾ റദ്ദാക്കി. മോശം കാലാവസ്ഥ ചൂണ്ടിക്കാട്ടിയാണ് വിമാനങ്ങൾ റദ്ദാക്കിയത്.

ഇതോടെ വിമാനത്തിൽ കയറി എംഎൽഎമാർ തിരിച്ചിറങ്ങി. അതേസമയം വിമാനം റദ്ദാക്കിയിട്ടില്ലെന്നും സമയം മാറ്റുക മാത്രമാണ് ചെയ്തതെന്ന് കോൺഗ്രസ് എംഎൽഎ അംബ പ്രസാദ് പറഞ്ഞു. രണ്ട് ചാർട്ടേർഡ് വിമാനങ്ങളിലായി എംഎൽഎമാരെ ഹൈദരാബാദിൽ എത്തിക്കാനായിരുന്നു ശ്രമം. ഹൈദരാബാദിൽ എത്തുന്ന എംഎൽഎമാരെ റിസോർട്ടുകളിൽ എത്തിക്കാൻ ബസുകൾ ഉൾപ്പെടെ ഹൈദരാബാദ് വിമാനത്താവളത്തിനു പുറത്തു തയാറാക്കിയിരുന്നു

എംഎൽഎമാരെ ബിജെപി റാഞ്ചുന്നത് ഒഴിവാക്കാനാണ് ശ്രമിക്കുന്നതെന്ന് ജെഎംഎം പറ!ഞ്ഞു. ബിജെപി എന്തിനും മടിക്കില്ലെന്ന് പിസിസി അധ്യക്ഷൻ രാജേഷ് താക്കൂർ പറഞ്ഞു. ജെഎംഎം മുഖ്യമന്ത്രി സ്ഥാനത്തേക്ക് നിർദേശിച്ച ചംപയ് സോറനും എംഎൽഎമാർക്കൊപ്പം വിമാനത്താവളത്തിലെത്തിയിരുന്നു.

പിന്നാക്കക്ഷേമ, ഗതാഗതമന്ത്രിയായ ചംപയ് സോറനെ പുതിയ മുഖ്യമന്ത്രിയായി നിർദേശിച്ച് 47 എംഎൽഎമാരുടെ പിന്തുണക്കത്ത് ഭരണസഖ്യം ഗവർണർ സി.പി.രാധാകൃഷ്ണനു നൽകിയെങ്കിലും തീരുമാനം അറിയിക്കാതെ അദ്ദേഹം അവരെ മടക്കിയയച്ചതോടെയാണ് ഭരണപ്രതിസന്ധി ഉടലെടുത്തത്. എല്ലാ എംഎൽഎമാരും രാജ്ഭവനിലേക്ക് എത്തിയിരുന്നുവെങ്കിലും അകത്തേക്ക് കടക്കാൻ അനുവദിച്ചില്ലെന്ന് ചംപയ് സോറൻ പറഞ്ഞിരുന്നു. രേഖകൾ പരിശോധിക്കട്ടെ എന്ന മറുപടിയാണ് ഗവർണർ നൽകിയത്. സംസ്ഥാനത്ത് ഭരണസംവിധാനം തകരാറിലായി എന്നു ചൂണ്ടിക്കാട്ടി രാഷ്ട്രപതി ഭരണം ഏർപ്പെടുത്താനാണോ ഗവർണറുടെ നീക്കമെന്നും ആശങ്ക ഉയർന്നിരുന്നു.

അതിനിടെ ജെഎംഎം എംഎൽഎമാരെ ചാക്കിട്ടു പിടിക്കാൻ ബിജെപി ശ്രമം നടത്തുന്നുവെന്ന അഭ്യൂഹം പടർന്നതോടെയാണ് ജെഎംഎംകോൺഗ്രസ് സഖ്യത്തിലെ എല്ലാ എംഎൽഎമാരെയും ചാർട്ടേർഡ് വിമാനങ്ങളിലായി ഹൈദരാബാദിലേക്കു മാറ്റാൻ തീരുമാനിച്ചത്. സോറന്റെ അസാന്നിധ്യത്തിൽ പാർട്ടിയെ ഒറ്റക്കെട്ടായി നിർത്തുക ജെഎംഎം നേതൃത്വത്തിന് എളുപ്പമല്ല. സംസ്ഥാനത്ത് തങ്ങളുടെ മുഖ്യ എതിരാളിയായ ജെഎംഎമ്മിനെ അരിഞ്ഞുവീഴ്ത്താനുള്ള അവസരമായാണു ബിജെപി ഇതിനെ കാണുന്നത്. ജെഎംഎം, കോൺഗ്രസ്, ആർജെഡി എന്നിവയുൾപ്പെട്ട ഭരണകക്ഷിക്ക് 47 എംഎൽഎമാരാണുള്ളത്; കേവല ഭൂരിപക്ഷത്തിൽ നിന്ന് 6 സീറ്റ് കൂടുതൽ.

# സി.എച്ച് മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) അപേക്ഷ തീയതി ദീർഘിപ്പിച്ചു

സംസ്ഥാനത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗത്തിലെ (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) വിദ്യാർത്ഥിനികൾക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് (റിന്യൂവൽ) പുതുക്കുന്നതിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ഫെബ്രുവരി 5 വരെ ദീർഘിപ്പിച്ചു.

202223 സാമ്പത്തിക വർഷം സ്കോളർഷിപ്പ് ലഭിച്ചവർക്കാണ് റിന്യൂവലിന് അവസരം നൽകുന്നത്. ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 5,000 രൂപാ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 6,000 രൂപാ വീതവും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് 7,000 രൂപാ വീതവും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000 രൂപാ വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ് നൽകുന്നത്. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാവുന്നതാണ്. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന വർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minortiywelfare.kerala.gov.in എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് മെനു ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471 2302090 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർക്കാർ നിയന്ത്രണത്തിലുള്ള എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ, കീഴിലുള്ള വിവിധ സെന്ററുകളിൽ 2024 ഫെബ്രുവരി മാസം അവസാന വാരം ആരംഭിക്കുന്ന പുതുക്കിയ സിലബസ് പ്രകാരമുള്ള കേരള ഗവണ്മെന്റ് അംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ(സോഫ്റ്റ്വെയർ) ഉഇഅ(ട) കോഴ്സിന് ജഘഡട 2 യോഗ്യതയുള്ളവർക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ഫെബ്രുവരി 20. വിശദമായ വിവരങ്ങൾക്ക് http://lbscetnre.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. 04712560333 എന്ന നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

# ഇന്ത്യ രാമരാജ്യമല്ല'; പ്രതിഷേധിച്ചതിന് വിദ്യാർഥിയെ സസ്പെൻഡ് ചെയ്ത നടപടി എൻഐടി പിൻവലിക്കണം: എസ്എഫ്ഐ

കോഴിക്കോട്> 'ഇന്ത്യ രാമരാജ്യമല്ല' എന്ന പ്ലക്കാർഡുയർത്തി പ്രതിഷേധിച്ചതിന് വിദ്യാർഥിയെ സസ്പെൻഡ് ചെയ്ത നടപടി എൻഐടി പിൻവലിക്കണമെന്ന് എസ്എഫ്ഐ. കോഴിക്കോട് എൻഐടിയിൽ പ്രതിഷേധ സമരം നടത്തിയ ബി ടെക് വിദ്യാർഥി വൈശാഖിനെയാണ് ഒരുവർഷത്തേക്ക് സസ്പെൻഡ് ചെയ്തത്. എൻഐടി സ്റ്റുഡന്റ്സ് ഡീൻ നടപടി ഉടൻ പിൻവലിച്ചില്ലെങ്കിൽ ക്യാമ്പസിൽ ശക്തമായ വിദ്യാർഥി പ്രതിഷേധം ഉയർത്തിക്കൊണ്ടുവരുമെന്ന് എസ്എഫ്ഐ പ്രസ്താവനയിൽ പറഞ്ഞു.

ജനുവരി 22 ന് തീർത്തും ജനാധിപത്യപരമായി പ്രതിഷേധിച്ച വൈശാഖിനെ ' ജയ് ശ്രീറാം' മുഴക്കി ആക്രമിച്ച വിദ്യാർത്ഥികൾക്കെതിരെ ഒരു നടപടിയും എടുക്കാതെ, ആക്രമിക്കപ്പെട്ട വിദ്യാർത്ഥിക്കെതിരെ നടപടിയെടുത്ത എൻഐടി അധികൃതരുടെ സമീപനം അംഗീകരിക്കാനാവില്ല. സംഘപരിവാർ ഗുണ്ടകൾക്ക് കുഴലൂതുന്ന സമീപനമാണ് എൻഐടി അധികൃതർ ഇതിലൂടെ സ്വീകരിച്ചിരിക്കുന്നത്.

മതനിരപേക്ഷ മൂല്യങ്ങൾ മുറുകെ പിടിക്കുന്ന കേരളത്തിൽ ഇരുന്ന് ഇത്തരമൊരു നടപടി സ്വീകരിച്ച് മുന്നോട്ട് പോകാൻ എൻഐടി അധികൃതരെ അനുവദിക്കില്ലെന്നും എസ്എഫ്ഐ സംസ്ഥാന പ്രസിഡന്റ് കെ അനുശ്രീ, സെക്രട്ടറി പി എം ആർഷോ എന്നിവർ പ്രസ്താവനയിൽ പറഞ്ഞു.

# 'വീട് ഒഴിഞ്ഞു പോവുക' അയോധ്യ പോസ്റ്റിന്റെ പേരിൽ മണിശങ്കർ അയ്യർക്കും മകൾക്കും റസിഡന്റ്സ് അസോസിയേഷന്റെ നൊട്ടീസ്

ഡൽഹി : അയോധ്യയിലെ പ്രാണപ്രതിഷ്ഠാ ആഘോഷത്തിനെതിരെ പ്രതിഷേധക്കുറിപ്പിട്ടതിന് കോൺഗ്രസ് നേതാവ് മണിശങ്കർ അയ്യർക്കും മകൾക്കും വീട് ഒഴിഞ്ഞ് പോകാൻ നോട്ടീസ്. പ്രദേശത്തെ റസിഡൻസ് വെൽഫെയർ അസോസിയേഷനാണ് നൊട്ടീസ് നൽകിയത്.

അയോധ്യയിലെ പ്രാണപ്രതിഷ്ഠയിൽ പ്രതിഷേധിച്ച് ഫേസ് ബുക്കിൽ പോസ്റ്റിട്ടതിന് തുടർച്ചയായാണ് സംഭവം. അന്നേദിവസം താൻ ഉപവാസമിരിക്കുമെന്ന് മണിശങ്കർ അയ്യരുടെ മകൾ അഡ്വ. സുരണ്യ അയ്യർ ജനുവരി 20ന് ഫെയ്സ്ബുക്കിൽ കുറിച്ചിരുന്നു. തുടർന്ന് ഉപവാസത്തിന്റെ വിവരങ്ങളും വിശദമാക്കി. ഇതിൽ പ്രകോപിതമായാണ് റസിഡൻസ് അസോസിയേഷന്റെ രാഷ്ട്രീയ നീക്കം.

തൊട്ടു പിന്നാലെ ബി ജെ പി ഐ ടി സെൽ തലവൻ റസിഡൻസ് വെൽഫെയർ അസോസിയേഷന്റെ നോട്ടീസിനെ പിന്തുണച്ച് രംഗത്ത് എത്തി. ഹിന്ദു വിശ്വാസങ്ങളെ അധിക്ഷേപിക്കുന്ന എല്ലാവർക്കുമുള്ള സന്ദേശമാണ് റസിഡൻസ് അസോസിയേഷന്റെ നോട്ടീസെന്ന് ബിജെപി ഐ ടി സെൽ തലവൻ അമിത് മാളവ്യ സമൂഹമാധ്യമക്കുറിപ്പിൽ അഭിപ്രായപ്പെട്ടു. ഈ നൊട്ടീസിന്റെ കോപ്പിയും പുറത്തു വിട്ടു.

സമൂഹത്തിൽ സംഘർഷാവസ്ഥ സൃഷ്ടിക്കുകയും വിദ്വേഷം പടർത്തുകയും ചെയ്തതിന് മാപ്പു പറയുക. അല്ലെങ്കിൽ വീടു വിട്ടു പോകുകയോ ചെയ്യണമെന്നാണ് ജംഗ്പുര റസിഡൻസ് അസോസിയേഷൻ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്. തെരഞ്ഞെടുപ്പ് കമ്മീഷനിൽ നൽകിയ സത്യവാങ്മൂലം പ്രകാരം മണിശങ്കർ അയ്യരുടെ സ്വന്തം ഉടമസ്ഥതയിലുള്ളതാണ് ഈ വീട്.

തങ്ങൾ ചെയ്തത് ശരിയാണെന്ന് ഇരുവർക്കും തോന്നുന്നുണ്ടെങ്കിൽ മറ്റൊരു സ്ഥലത്ത് വീടു നോക്കുന്നതാണ് നല്ലത്. അവിടത്തെ റസിഡൻസ് അസോസിയേഷന് ഇത്തരം വിദ്വേഷങ്ങൾക്ക് നേരെ കണ്ണടയ്ക്കാൻ കഴിഞ്ഞേക്കുമെന്നും ജംഗ്പുരയിലെ റസിഡൻസ് വെൽഫെയർ അസോസിയേഷൻ പ്രസിഡന്റ് ഡോ. കപിൽ കക്കർ നൽകിയ നോട്ടീസിൽ മുന്നറിയിപ്പ് നൽകുന്നു. ജംഗ്പുരയിലെ വീട്ടിൽ താൻ താമസിക്കുന്നില്ല. അവിടെ ജീവിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും അഭിഭാഷകയായ സുരണ്യ അയ്യർ ഇതിനോട് പ്രതികരിച്ചു. താൻ ഇങ്ങനെ ഒരു നൊട്ടീസ് കൈപ്പറ്റാൻ തയാറല്ല എന്നും പറഞ്ഞു.

# അപേക്ഷ തീയതി ദീർഘിപ്പിച്ചു

സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.ടി.ഐകളിൽ ഒന്ന്/രണ്ട് വർഷത്തെ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗത്തിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി ഫീസ് റീഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ് അപേക്ഷ സ്വീകരിക്കുന്ന തീയതി 2024 ഫെബ്രുവരി 5 വരെ ദീർഘിപ്പിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, എന്നീ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത. ഒരു വർഷത്തെ കോഴ്സിന് 10,000 രൂപയും രണ്ടു വർഷത്തെ കോഴ്സിന് 20,000 രൂപയുമാണ് സ്കോളർഷിപ്പ് തുകയായി നൽകുന്നത്. രണ്ടാം വർഷക്കാർക്കും പുതുതായി അപേക്ഷ നൽകാവുന്നതാണ്. ബി.പി.എൽ വിഭാഗക്കാർക്ക് മുൻഗണന. പ്രസ്തുത വിഭാഗത്തിലെ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ. വിഭാഗത്തെയും പരിഗണിക്കും. 10% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്ത പക്ഷം അർഹരായ ആൺകുട്ടികളേയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. www. minortiywelfare. kerala.gov.in എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471 2302090 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## അൻവറിന്റെ ആരോപണം ഏറ്റെടുത്ത് ഡി.വൈ.എഫ്.ഐ സതീശന്റെ കോലം കത്തിച്ചു,

കോഴിക്കോട്: കെ റെയിൽ പദ്ധതി അട്ടിമറിക്കാൻ പ്രതിപക്ഷനേതാവ് വി.ഡി. സതീശനും കോൺഗ്രസ് ദേശീയ സംഘടനാ ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലും 150 കോടി കൈപ്പറ്റിയെന്ന പി.വി. അൻവർ എം.എൽ.എയുടെ ആരോപണം ഏറ്റെടുത്ത് ഡി.വൈ.എഫ്.ഐ. കേരളത്തിന്റെ വികസന കുതിപ്പും യുവതയുടെ തൊഴിൽ സ്വപ്നങ്ങളും അട്ടിമറിക്കാൻ കോഴ വാങ്ങി സമരം സംഘടിപ്പിച്ചുവെന്ന് ആരോപിച്ച് ഡി.വൈ.എഫ്.ഐ. ജില്ലാ മേഖലാ കേന്ദ്രങ്ങളിൽ യുവജന പ്രതിഷേധം സംഘടിപ്പിച്ചു. കോഴിക്കോട് സംഘടിപ്പിച്ച പ്രതിഷേധം ഡി.വൈ.എഫ്.ഐ. സംസ്ഥാന പ്രസിഡന്റ് വി. വസീഫ് ഉദ്ഘാടനം ചെയ്തു. ഡി.വൈ.എഫ്.ഐ. പ്രവർത്തകർ വി.ഡി. സതീശന്റെ കോലം കത്തിച്ചു.

കെ റെയിൽ വിരുദ്ധ സമരം നടത്തി കേരളത്തിലെ യുവജനങ്ങളെയാണ് വെല്ലുവിളിച്ചതെന്ന് പ്രതിഷേധം ഉദ്ഘാടനം ചെയ്ത വസീഫ് ആരോപിച്ചു. മുൻപ് കേട്ടുകേൾവി ഇല്ലാത്ത വിധം വികസനം തടയാൻ കൈക്കൂലി വാങ്ങുന്നവരായി കേരളത്തിലെ പ്രതിപക്ഷം മാറി. വികസന പദ്ധതി അട്ടിമറിച്ച് ഒന്നാം പിണറായി സർക്കാരിനെ തകർക്കും, അങ്ങനെ ഇവിടെ യു.ഡി.എഫ്. സർക്കാർ വരും കെ റെയിൽ വരില്ല എന്ന ഉറപ്പായിരുന്നു നൽകിയത്. കുറച്ചു പണവും ജയിച്ചു കഴിഞ്ഞാൽ മുഖ്യമന്ത്രി കസേരയുമായിരുന്നു തിരിച്ചുകിട്ടിയ ഉറപ്പെന്നും വസീഫ് പറഞ്ഞു.

# കേന്ദ്ര ബജറ്റിൽ പാവങ്ങൾക്ക് ഒന്നുമില്ല, കേരളത്തിന് പൂർണ അവഗണന

തിരുവനന്തപുരം: രാജ്യത്തെ യാഥാർത്ഥ്യങ്ങൾ വിസ്മരിച്ച് കോർപറേറ്റ് താൽപര്യങ്ങൾക്ക് മാത്രം മുൻഗണന നൽകി പാർലമെന്റ് തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടുള്ള രാഷ്ട്രീയ പ്രഖ്യാപനം മാത്രമാണ് നിർമ്മല സിതാരാമൻ ഇന്ന് അവതരിപ്പിച്ച ഇടക്കാല ബജറ്റെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഒരു പ്രസ്താവനയിൽ പറഞ്ഞു.

കേരളത്തെ സംബന്ധിച്ചടുത്തോളവും ബജറ്റ് നിരാശാജനകമാണ്. കേരളം ഇന്ത്യയുടെ ഭാഗമാണോയെന്ന് സംശയം ജനിപ്പിക്കുന്നതാണ് കേന്ദ്രബജറ്റെന്ന് പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ പറഞ്ഞു. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില കുറഞ്ഞിട്ടും പെട്രോൾ ഡീസൽ വില കുറയ്ക്കാൻ തയാറാകാത്തത് ജനങ്ങളോടുള്ള ബി. ജെ. പി സർക്കാരിന്റെ വെല്ലുവിളിയാണ്. 'നാരി ശക്തി' എന്ന് പ്രധാനമന്ത്രി അടിക്കടി പറയുന്നുണ്ടെങ്കിലും പാചകവാതക വില കുറയ്ക്കാൻ തയാറായിട്ടില്ല. രാജ്യത്ത് തൊഴിലായ്മ കുതിച്ചുയരുമ്പോഴും തൊഴിൽ നൽകുന്നതിന് വേണ്ടിയുള്ള കാര്യമായ പദ്ധതികളൊന്നും ബജറ്റിലില്ല. ക്യാപിറ്റൽ എക്സ്പെന്റിച്ചർ കൂടുമ്പോൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന സ്ഥിരം പല്ലവിയാണ് ഈ ബജറ്റിലുമുള്ളത്. കർഷക സമൂഹത്തിനോട് കടുത്ത അവഗണനയാണ് സർക്കാർ കാട്ടുന്നത്. കർഷകരുടെ വരുമാനം വർധിപ്പിക്കാനുള്ള യാതൊരു പ്രഖ്യാപനവും ബജറ്റിലില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സമൂഹിക സുരക്ഷാ പെൻഷൻ എന്നിവയുടെ വിഹിതത്തിലും കാലാനുസൃതമായ വർധനവില്ല. പാവങ്ങളോട് ഒട്ടും അനുതാപമില്ലാത്ത ബജറ്റ് കോർപ്പറേറ്റുകളോട് അമിത വിധേയത്വമാണ് പ്രകടിപ്പിക്കുന്നത്. തെരഞ്ഞെടുപ്പിന് മുൻപ് ഇടക്കാല ബജറ്റ് അവതരിപ്പിച്ച് അടുത്ത പൊതു ബജറ്റും ഞങ്ങൾ തന്നെ അവതരിപ്പിക്കുമെന്ന കേന്ദ്ര ധനമന്ത്രിയുടെ പ്രഖ്യാപനം ഭരണഘടനയോടും ജനാധിപത്യത്തോടുമുള്ള വെല്ലുവിളിയാണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.



*ആര്യനാട് ഡോ. എ.പി.ജെ അബ്ദുൾകലാം സ്റ്റേഡിയം ഉദ്ഘാടനം മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിച്ചു*